18
2022
ഫെബ്രുവരി
വെള്ളി
കുംഭം 7

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം | Thiruvananthapuram | web: www. nauticaltimesmedia.com | Volume-3, Issue No. 242 Page 4, | Price: Rs. 2 | പുസ്തകം-3 ലക്കം-242 | പേജ് 4. വില 2.00 രൂപ




02 ▶ കരിമീനുണ്ട്, ചിക്കനുണ്ട്, മട്ടനുണ്ട്.!. ഒരൊറ്റ ഡയലോഗ്കൊണ്ടു ജീവിതംമാറിയ കലാകാരൻ

03 ▶ അന്തർ സംസ്ഥാന വാഹന തട്ടിപ്പ് സംഘം അറസ്റ്റിൽ

04 ▶ ലുലു ഫ്ളവർ ഫെസ്റ്റിൽ ആയിരത്തിലധികം വൈവിധ്യങ്ങൾ

# ഒടുവിൽ ഒപ്പിട്ട് ഗവർണർ



തിരുവനന്തപുരം: സർക്കാരിനെ മുൾമുനയിൽനിർത്തിയ ശേഷം നയപ്രഖ്യാപന പ്രസംഗത്തിൽ ഒപ്പിട്ട് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ. പൊതുഭരണ വകുപ്പ് സെക്രട്ടറി കെ.ആർ ജ്യോതിലാലിനെ തൽസ്ഥാനത്തുനിന്നും നീക്കിയതിനു പിന്നാലെയാണ് ഗവർണർ നയപ്രഖ്യാപനപ്രസംഗത്തിന് അംഗീകാരം നൽകിയത്.

തൻറെ സ്റ്റാഫിൻറെ നിയമനത്തിലെ അതൃപ്തി സർക്കാർ പരസ്യപ്പെടുത്തിയത് ഗവർണറെ ചൊടുപ്പിച്ചിരുന്നു. ഇതിലെ അതൃപ്തി, അവസരം കിട്ടിയപ്പോൾ ഗവർണർ പ്രകടിപ്പിക്കുകയും സർക്കാരിനെ മുൾമുനയിൽ നിർത്തുകയുമായിരുന്നു. ഇതിന് മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫ് അംഗങ്ങളുടെ പെൻഷനുമായി ബ സഡപ്പെട്ട വിഷയമാണ് ആരിഫ് മുഹമ്മദ് ഖാൻ തെരഞ്ഞെടുത്തതെന്നു മാത്രം.

നിയമസഭാ സമ്മേളനത്തിന് മുന്നോടിയായി മുഖ്യമന്ത്രി പിണറായി വിജയൻ രാജ്ഭവനിൽ നേരിട്ട് എത്തിയാണ് നയപ്രഖ്യാപനം പ്രസംഗം ഗവർണർക്ക് കൈമാറിയത്. അപ്പോഴാണ് മന്ത്രിമാരുടെ പഴ്സനൽ സ്റ്റാഫിന് പെൻഷൻ നൽകുന്ന രീതിയിൽ ഗവർണർ എതിർപ്പ് പ്രകടിപ്പിച്ചത്.

ജീവനക്കാർക്ക് ലഭിക്കുന്ന പെൻഷൻറെ ഒരു വിഹിതം അവർ തന്നെയാണ് നൽകുന്നത്. ജീവിതകാലം മുഴുവൻ സർക്കാർ സേവനം ചെയ്താലും ജീവനക്കാർക്ക് പങ്കാളിത്ത പെൻഷൻ ലഭിക്കുമ്പോഴാണ് മന്ത്രിമാരുടെ പഴ്സനൽ സ്റ്റാഫിന് പ്രത്യേക പരിഗണന. ഇത് മാറ്റണമെന്നായിരുന്നു ഗവർണറുടെ ആവശ്യം.

ഗവർണർ നയപ്രഖ്യാപന പ്രസംഗത്തിൽ ഒപ്പിടാതെ വന്നതോടെ ഭരണഘടനാ പ്രതിസന്ധി ഉടലെടുത്തു. ഉച്ച!യോടെ രാജ്ഭവനിൽ മുഖ്യമന്ത്രി നേരിട്ടെത്തി ഗവർണറെ കണ്ടെങ്കിലും ഫലം കണ്ടില്ല. അരമണിക്കൂറോളം ഗവർണറും മുഖ്യമന്ത്രിയും കൂടിക്കാഴ്ച നടത്തി.

വെകുന്നേരം പൊതുഭരണ വകുപ്പ് സെക്രട്ടറി കെ.ആർ ജ്യോതിലാലിനെ മാറ്റിയതോടെയാണ് ഗവർണർ വഴങ്ങുന്നത്. ഗവർണറുടെ സ്റ്റാഫ് നിയമനത്തിൽ വിയോജിച്ച് കത്ത് നൽകിയത് ജ്യോതിലാലായിരുന്നു. ഗവർണറുടെ സ്റ്റാഫായി ബിജെപി നേതാവിനെ ഉൾപ്പെടുത്തിയതിലായിരുന്നു വിയോജന കുറിപ്പ് നൽകിയത്. ബിജെപി സംസ്ഥാന സമിതി അംഗവും മുതിർന്ന മാധ്യമപ്രവർത്തകനുമായ ഹരി എസ്.കർത്തയെയാണ് ഗവർണറുടെ സ്റ്റാഫിൽ നിയമിച്ചത്. ഗവർണറുടെ നിർദേശം സർക്കാർ അംഗീകരിക്കുകയായിരുന്നു.

സജീവ രാഷ്ട്രീയത്തിൽ ഉള്ളയാളെ നിയമിക്കുന്ന പതിവ് ഇല്ലെന്ന അതൃപ്തിയാണ് സർക്കാർ അറിയിച്ചത്. നിയമനത്തിലെ പതിവ് തുടരുന്നതാവും ഉചിതം. ഗവർണർ താല്പര്യം അറിയിച്ചത് കൊണ്ടാണ് ഹരി എസ്. കർത്തായെ നിയമിച്ചതെന്നും രാജ്ഭവന് നൽകിയ കത്തിൽ സംസ്ഥാന സർക്കാർ വ്യക്തമാക്കി. ഈ കത്ത് സർക്കാർ പുറത്തുവിടുകയും ചെയ്തു.

ഈ സംഭവത്തിലെ അതൃപ്തിയാണ് അവസരം കിട്ടിയപ്പോൾ ഗവർണർ പുറത്തെടുത്തത്. തൻറെ സ്റ്റാഫ് നിയമനത്തിൽ അതൃപ്തി അറിയിച്ചുകൊണ്ടുള്ള കത്ത് നൽകിയ ആളെ തൽസ്ഥാനത്തുനിന്നും നീക്കാൻ സർക്കാർ തയാറായതോടെ ഗവർണർ വെടിനിർത്തൽ പ്രഖ്യാപിച്ച് നയപ്രഖ്യാപന പ്രസംഗത്തിൽ ഒപ്പിട്ടു.

## ഗവർണറുടെ സെക്രട്ടേറിയറ്റിൽ ഫോട്ടോഗ്രാഫറുടെ തസ്തിക സൃഷ്ടിച്ചു മന്ത്രിസഭ

തിരുവനന്തപുരം: കേരള രാജ്ഭവനിൽ ഗവർണറുടെ സെക്രട്ടേറിയറ്റിൽ ഫോട്ടോഗ്രാഫറുടെ തസ്തിക കൂടി സൃഷ്ടിക്കാൻ മന്ത്രിസഭാ യോഗം അനുമതി നൽകി. ഗവർണറുടെ അഡീഷണൽ പേഴ്സണൽ അസിസ്റ്റൻറായി ബിജെപി സംസ്ഥാനസമിതി അംഗവും മുതിർന്ന മാധ്യമപ്രവർത്തകനുമായ ഹരി എസ്. കർത്തയെ നിയമിച്ചതിന് പിന്നാലെയാണു ഫോട്ടോഗ്രാഫറുടെ തസ്തിക സൃഷ്ടിക്കാൻ തീരുമാനിച്ചത്.

പുതിയ തസ്തികയിൽ നിലവിൽ കരാർ അടിസ്ഥാനത്തിൽ ജോലി നോക്കുന്ന പി. ദിലീപ് കുമാറിനെ ഗവർണറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സ്ഥിരപ്പെടുത്താനും തീരുമാനിച്ചു. ഹരി എസ്. കർത്തയുടെ നിയമനവും ഗവർണറുടെ ശിപാർശ പ്രകാരമായിരുന്നു.

രണ്ടു ദിവസം മുൻപാണ് ഹരി എസ്. കർത്തായുടെ നിയമനം സംബന്ധിച്ച ഫയലിൽ മുഖ്യമന്ത്രി ഒപ്പുവച്ചത്. ഫോട്ടോഗ്രാഫറുടേത് സ്ഥിരം തസ്തികയായതിനാലാണ് മന്ത്രിസഭായോഗം ചർച്ച ചെയ്യേണ്ടിവന്നത്.

## കെഎസ്ആർടിസിയ്ക്കുള്ള ഡീസൽ വില ഐഒസി വർധിപ്പിച്ചു

കൊച്ചി: കെഎസ്ആർടിസിയ്ക്കുള്ള ഡീസൽ വില ഐഒസി വർധിപ്പിച്ചു. 6.73 രൂപയാണ് വർധിപ്പിച്ചത്. ഇതോടെ ഒരു ലിറ്റർ ഡീസലിന് 98.15 രൂപയായി.

ബൾക്ക് പർച്ചെയ്സർ വിഭാഗത്തിൽപെടുത്തിയാണ് ലീറ്ററിന് 98.15 പൈസയാക്കി ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ വില നിശ്ചയിച്ചത്. കെഎസ്ആർടിസി ദിവസം അഞ്ചര ലക്ഷം ലീറ്റർ ഡീസലാണ് ഉപയോഗിക്കുന്നത്. ഇതോടെ ദിവസം 37 ലക്ഷം രൂപയുടെ അധിക ചെലവാണ് ഉണ്ടാകുന്നത്.

## കോവിഡ് മൂന്നാം തരംഗം അവസാനിച്ചതായി ശാസ്ത്രജ്ഞർ

ന്യൂഡൽഹി രാജ്യത്തെ മെട്രോകളിൽ കോവിഡ് മൂന്നാം തരംഗം അവസാനിച്ചതായി ശാസ്ത്രജ്ഞർ. വരും മാസങ്ങൾ രോഗവ്യാപനം കുറവായിരിക്കുമെന്നും സ്ഥിതിഗതികൾ ഏറെക്കുറെ സമാധാനപരമായിരിക്കുമെന്നും സിഎസ്ഐആർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ജീനോമിക്സ് ആൻഡ് ഇൻഗ്രേറ്റീവ് ബയോളജി ഡയറക്ടറുമായ ഡോ. അനുരാഗ് അഗർവാൾ പറഞ്ഞു. വൈറസ് എന്തെങ്കിലും വലിയ മാറ്റം കാണിക്കുന്നതുവരെ കേസുകളുടെ എണ്ണത്തിൽ കൂടുതൽ കുതിച്ചുചാട്ടം പ്രതീക്ഷികണ്ടതില്ലെന്നും അദ്ദേഹം വ്യക്തമാക്കി.

ജനുവരി 10 ന്, ഇന്ത്യയിലെ ഒമിക്രോണിന്റെ കവറേജ് 90 ശതമാനം കവിഞ്ഞു, ഫെബ്രുവരി ആയപ്പോഴേക്കും ഡെൽറ്റ ഇന്ത്യയിലെ നഗരങ്ങളിലുടനീളം ഗണ്യമായ തോതിൽ കുറഞ്ഞിരിക്കണമെന്നും അദ്ദേഹം അവകാശപ്പെട്ടു. നിലവിൽ വളരെ കുറച്ച് ഡെൽറ്റ വേരിയന്റാണ് ഇന്ത്യയിൽ പ്രചാരത്തിലുള്ളതെന്ന് അദ്ദേഹം വിലയിരുത്തുന്നു. അണുബാധയ്ക്കുള്ള സാധ്യത കുറയുന്നതിനാൽ, നിലവിലെ സാഹചര്യത്തിൽ ബൂസ്റ്റർ ഡോസുകളുടെ ആവശ്യകത സാധാരണക്കാർക്ക് കുറഞ്ഞിട്ടുണ്ടെന്നും അദ്ദേഹം വിശദീകരിച്ചു.

മറ്റ് വകഭേദങ്ങൾക്കെതിരെ പ്രതിരോധശേഷി വർധിപ്പിക്കാൻ ഒമിക്രോണിന്റെ സാധ്യത ഗുണം ചെയ്യുമെന്നും ഗവേഷകർ വിലയിരുത്തുന്നുണ്ട്.

ഒമിക്രോൺ അണുബാധ മെമ്മറി സെല്ലുകൾ സജീവമാക്കുന്നതിന് കാരണമാകുന്നു. അതേസമയം ഡെൽറ്റയെ പ്രതിരോധിക്കാൻ ഒമിക്രോൺ ഫലപ്രദമാണെന്ന കണ്ടെത്തൽ വേണ്ടത്ര പഠനങ്ങളെ ഉൾക്കൊള്ളുന്നതല്ലെന്നും ഒരു വിഭാഗം ചൂണ്ടിക്കാട്ടുന്നു.

## മുഖ്യമന്ത്രി കാട്ടിയത് കൊടുംവഞ്ചന: കെ സുധാകരൻ എംപി

രാജ്ഭവനെ ആർഎസ്എസ് കാര്യാലയമാക്കി മാറ്റിയ ഗവർണറുടെ ഇടപാടുകൾക്ക് ഒരു പ്രിൻസിപ്പൽ സെക്രട്ടറിയെ ബലികൊടുത്തുകൊണ്ട് മുഖ്യമന്ത്രി പച്ചക്കൊടി വീശിയതു മതേതര കേരളത്തോടു കാട്ടിയ കൊടുംവഞ്ചനയാണെന്ന് കെപിസിസി പ്രസിഡന്റ് കെ സുധാകരൻ എംപി. മോദിയുടെയും അമിത് ഷായുടെയും ഏജന്റായി പ്രവർത്തിക്കുന്ന ഗവർണ്ണർക്ക് കേരളത്തിലെ മികച്ച സുഹൃത്താണ് മുഖ്യമന്ത്രി പിണറായി വിജയൻ.

ആർഎസ്എസ് നേതാവിനെ പേഴ്സണൽ സ്റ്റാഫിൽ നിയമിച്ചുകൊണ്ടുള്ള ഉത്തരവ് മുഖ്യമന്ത്രി ഒപ്പിട്ടതാണ്. ഒരുദ്യോഗസ്ഥൻ ഒരിക്കലും ഗവർണർക്ക് ഇങ്ങനെ കത്തെഴുതില്ല. മുഖ്യമന്ത്രിക്കുവേണ്ടി എഴുതിയ കത്താണിത്. ഉദ്യോഗസ്ഥനെതിരേ നടപടി എടുത്തുകൊണ്ട് മുഖ്യമന്ത്രി സ്വന്തം മുഖത്താണ് കാർക്കിച്ചു തുപ്പിയത്. ഗവർണറുടെ മുഖം രക്ഷിച്ചെങ്കിലും മുഖ്യമന്ത്രിയുടെ മുഖം തീർത്തും വികൃതമായി.

സിപിഎം ബിജെപി അന്തർനാടകം പരസ്യമായി എന്നതാണ് പൊതുഭരണ സെക്രട്ടറിയെ മാറ്റിയതിലൂടെ വ്യക്തമായത്. എല്ലാതരത്തിലുമുള്ള ഒത്തു തീർപ്പുകളാണ് സിപിഎമ്മും ബിജെപിയും



നടത്തുന്നത്. ബിജെപിയുടെ പൂർണ പിന്തുണയോടെയാണ് ഇടതു സർക്കാർ മുന്നോട്ട് പോകുന്നത്.സർവകാലാശാല വിസി നിയമനം, ലോകായുക്ത ഓർഡിനൻസ് തുടങ്ങി എല്ലാ വിഷയത്തിലും സിപിഎം ബിജെപി ധാരണയാണ് കാണുന്നത്.

ഭരണഘടനാ പദവികൾ വച്ചാണ് കേരളാഗവർണർ വിലപേശൽ നടത്തുന്നത്. ഗവർണറുടെ സ്ഥാനം എത്രമാത്രം അധഃപതിപ്പിക്കാമെന്ന് ഈ ഗവർണറെ കണ്ടുപഠിക്കണം. ആർഎസ്എസ് നിലപാടുകളും ആശയങ്ങളും പ്രചരിപ്പിക്കുന്നതിലാണ് അദ്ദേഹത്തിന്റെ ശ്രദ്ധ. അതിനാണ് ഗവർണറുടെ സ്റ്റാഫിൽ ആർഎസ് എസുകാരെ കുത്തിനിറക്കുന്നതും അതിന് മുഖ്യമന്ത്രി ഓശാന പാടുന്നത്. മതേതര കേരളത്തിൽ അപകടകരമായ കളിയാണിതെന്നും സുധാകരൻ പറഞ്ഞു.

## സൂപ്പർ മാർക്കറ്റ് ജീവനക്കാരിയെ മർദ്ദിച്ച കേസിൽ പ്രതി അറസ്റ്റിൽ

കൊച്ചി: സൂപ്പർ മാർക്കറ്റ് ജീവനക്കാരിയെ മർദ്ദിച്ച കേസിൽ പ്രതി അറസ്റ്റിൽ. കണ്ണൻകുളങ്ങര കണ്ണാടി കോവിലകത്ത് കുട്ടപ്പൻ മകൻ സതീഷ് (43) ആണ് അറസ്റ്റിലായത്.

പുതിയകാവ് മാളേകാട് അതിർത്തി റോഡിൽ ഷിജി സുധി ലാലിനെയാണ് സഹപ്രവർത്തകയുടെ ഭർത്താവായ സതീഷ് മർദിച്ചത്. ഹെൽമറ്റിനു അടിയേറ്റ് തലയ്ക്കും കൈയ്ക്കും പരിക്കേറ്റ ഷിജി കളമശേരി മെഡിക്കൽ കോളജിൽ ചികിത്സ തേടിയിരുന്നു. മിനി ബൈപാസ് കണ്ണൻകുളങ്ങര റോഡിലെ സൂപ്പർമാർക്കറ്റിൽ ചൊവ്വാഴ്ച ഉച്ചയ്ക്കു 2.45 നായിരുന്നു സംഭവം.

ബിൽ അടിക്കുന്ന ഭാഗത്തു മറ്റൊരു സഹവർത്തകയുമൊത്തു ഷിജി സംസാരിച്ചു നിൽക്കുന്നതിനിടെ സതീഷ് വന്ന് ആക്രമിക്കുകയായിരുന്നു. സമീപത്തു നിന്നവരും കടയിൽ സാധനങ്ങൾ വാങ്ങാൻ എത്തിയവരും ചേർന്നാണ് സതീഷിനെ പിടിച്ചു മാറ്റിയത്.

ഭാര്യയെ അന്വേഷിച്ചു സൂപ്പർ മാർക്കറ്റിലെ ഫോണിലേക്കു സതീഷ് വിളിച്ചപ്പോൾ ഷിജിയാണ് ഫോൺ എടുത്തത്. ഭാര്യ പാക്കിംഗിൽ ആയതിനാൽ ഫോൺ നൽകാൻ ഷിജിക്കു കഴിഞ്ഞില്ല. ഇതേത്തുടർന്നുണ്ടായ പ്രശ്നമാണ് ആക്രമണത്തിൽ കലാശിച്ചത്.

## യുപിയിൽ വിവാഹ ചടങ്ങിനിടെ കിണറ്റിൽ വീണ് 13 പേർ മരിച്ചു

ലക്നോ: ഉത്തർപ്രദേശിൽ വിവാഹ ചടങ്ങിനിടെ കിണറ്റിൽ വീണ് സ്ത്രീകളും കുട്ടികളും ഉൾപ്പെടെ 13 പേർ മരിച്ചു. അപകടത്തിൽ രണ്ട് പേർക്ക് പരിക്കേറ്റു. യുപിയിലെ കുശിനഗർ ജില്ലയിലായിരുന്നു സംഭവം. കിണർ മൂടിയ ഇരുമ്പ് സ്ലാബിൽ ഇരിക്കുകയായിരുന്നവരാണ് അപകടത്തിൽപ്പെട്ടത്. ഭാരംകൂടി സ്ലാബ് തകർന്നു വീഴുകയായിരുന്നു.

ബുധനാഴ്ച വിവാഹത്തോടനുബന്ധിച്ച് നടത്തുന്ന 'ഹൽദി' ചടങ്ങിനിടെയായിരുന്നു അപകടം. കിണറ്റിൽ വീണവരെ നാട്ടുകാർ പുറത്തെത്തിച്ച് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. 11 പേർ സംഭവ സ്ഥലത്ത് തന്നെ മരിച്ചു. മറ്റ് രണ്ടുപേർ ചികിത്സയ്ക്കിടെയാണ് മരിച്ചത്.

സംഭവത്തിൽ ഉത്തർപ്രദേശ് മുഖ്യമന്ത്രി യോഗി ആദിത്യനാഥ് നടുക്കം രേഖപ്പെടുത്തി. വാർത്ത ഹൃദയഭേദകമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി ട്വീറ്റ് ചെയ്തു.

## ജസ്റ്റീസ് ജെ.ബി. കോശി കമ്മീഷൻെറ കാലാവധി നീട്ടി

തിരുവനന്തപുരം: ജസ്റ്റീസ് ജെ.ബി. കോശി കമ്മീഷൻറെ കാലാവധി നീട്ടി. ഒരു വർഷത്തേയ്ക്കാണ് കാലാവധി നീട്ടിയത്. മന്ത്രിസഭായോഗത്തിലായിരുന്നു തീരുമാനം.

സംസ്ഥാനത്തെ ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസ സാമ്പത്തിക പിന്നോക്കാവസ്ഥയും ക്ഷേമവുമായി ബന്ധപ്പെട്ട പരിഗണനാ വിഷയങ്ങളെക്കുറിച്ചു പഠിക്കാനാണ് ജസ്റ്റീസ് ജെ.ബി. കോശി കമ്മീഷനെ സർക്കാർ നിയോഗിച്ചത്.

കമ്മീഷൻറെ കാലാവധി അവസാനിക്കുന്ന സാഹചര്യത്തിലാണ് സമഗ്ര റിപ്പോർട്ട് സമർപ്പിക്കാൻ 2023 ഫെബ്രുവരി 23 വരെ കാലാവധി നീട്ടി നൽകാൻ തീരുമാനിച്ചത്.

## മുല്ലപ്പെരിയാർ: 2014ലെ വിധി പുനഃപരിശോധിക്കണമെന്ന് കേരളം

ന്യൂഡൽഹി: മുല്ലപ്പെരിയാർ കേസിലെ 2014ലെ വിധി പുനഃപരിശോധിക്കണമെന്ന് കേരളം സുപ്രീംകോടതിയിൽ. ജലനിരപ്പ് പരമാവധി 142 അടിയായി ഉയർത്താൻ അനുമതി നൽകിയ ഭരണഘടനാ ബെഞ്ച് വിധി പുതിയ സാഹചര്യത്തിൽ പുനഃപരിശോധിക്കണമെന്നാണ് ആവശ്യം.



ആറ്റുകാൽ പൊങ്കാല:മന്ത്രിമാരായ വി. ശിവൻകുട്ടി, കെ.രാധാകൃഷ്ണൻ , ജി.ആർ. അനിൽ, ആന്റണി രാജു എന്നിവർ ക്ഷേത്രം സന്ദർശിച്ചു

# സ്കൂളുകളിലെ ഉച്ചഭക്ഷണം പുനരാരംഭിക്കാൻ തീരുമാനം



തിരുവനന്തപുരം: സംസ്ഥാനത്തെ സ്കൂളുകൾ ഈ മാസം 21 മുതൽ പൂർണതോതിൽ പ്രവർത്തിക്കുന്ന സാഹചര്യത്തിൽ സ്കൂളുകളിലെ ഉച്ചഭക്ഷണം പുനരാരംഭിക്കാൻ തീരുമാനം. വാക്സിനേഷൻ പ്രക്രിയ വേഗത്തിൽ പൂർത്തിയാക്കാനും ഇന്നലെ വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി വിളിച്ചുചേർത്ത കളക്ടർമാരുടെ യോഗം തീരുമാനിച്ചു. ഓരോ ജില്ലയിലും കളക്ടർമാരുടെ മേൽനോട്ടത്തിൽ അവലോകനങ്ങൾ നടത്തി മുന്നൊരുക്കങ്ങൾ കാര്യക്ഷമമാണെന്ന് ഉറപ്പുവരുത്തണമെന്ന് വിദ്യാഭ്യാസമന്ത്രി നിർദേശിച്ചു.

കുട്ടികൾ കൂട്ടത്തോടെ സ്കൂളിലേക്ക് കടന്നു വരുന്നതിനാൽ ബന്ധപ്പെട്ട എല്ലാ വകുപ്പുകളുടേയും ഏകോപനം അതാത് ജില്ലകളിൽ ഫലപ്രദമായി നടപ്പിലാക്കണം. കോവിഡ് പ്രോട്ടോക്കോൾ പൂർണമായി പാലിക്കണം. സ്കൂളുകളിലെ കോവിഡ് സെല്ലുകൾ സജീവമാണെന്ന് ഉറപ്പുവരുത്തുകയും എല്ലാ സ്കൂളുകളും വൃത്തിയാക്കപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തണമെന്നും കുട്ടികൾക്ക് സുരക്ഷിതമായി യാത്ര ചെയ്യാനുള്ള സാഹചര്യം ഉണ്ടാകണമെന്നും നിർദേശിച്ചിട്ടുണ്ട്. അങ്കണവാടികൾ, ക്രഷ്, പ്രീ പ്രൈമറി സ്കൂളുകൾ എന്നിവയുടെ കാര്യത്തിലും ശ്രദ്ധ വേണം. ലഹരി മരുന്ന് റാക്കറ്റുകൾക്കെതിരേ എക്സൈസ് വകുപ്പ് ശക്തമായി ഇടപെടണമെന്നും മന്ത്രി പറഞ്ഞു. ഫെബ്രുവരി 21 മുതൽ മാർച്ച് അവസാനം വരെ കുട്ടികളുടെ ഹാജർ ഉൾപ്പെടെയുള്ള കാര്യങ്ങൾ ഓഫീസർമാർ നിരീക്ഷിച്ച് റിപ്പോർട്ട് തയാറാക്കണമെന്നും നിർദേശിച്ചു. സ്കൂളുകൾ പൂർണ സജ്ജമാകുന്നതിന് മുന്നോടിയായി 19, 20 തീയതികളിൽ സ്കൂളുകളിൽ ശുചീകരണവും അണുനശീകരണവും നടത്തും. ശുചീകരണ പ്രവർത്തനങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനം അന്ന് രാവിലെ ഒൻപതിന് തിരുവനന്തപുരം എസ്എംവി സ്കൂളിൽ വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി നിർവഹിക്കും. ഇന്ന് മുതൽ 20 വരെ വിവിധ വകുപ്പുകളെ ഉൾപ്പെടുത്തി ജില്ലാതല ഓൺലൈൻ യോഗങ്ങൾ ചേരും. ആദിവാസി മേഖല, തീരമേഖല, മലയോര മേഖല തുടങ്ങിയ മേഖലകളിൽ നിന്നുള്ള കുട്ടികളുടെ ഹാജർ നിലയിൽ പ്രത്യേക ശ്രദ്ധ ചെലുത്തണമെന്നും യോഗം തീരുമാനിച്ചു. സ്കൂൾ ബസുകളുടെ അറ്റകുറ്റപണിയുമായി ബന്ധപ്പെട്ട് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സഹകരണം ഉറപ്പ് വരുത്തണം. അടുത്ത ആഴ്ച ജില്ലാതല അവലോകന യോഗം ചേർന്ന് കാര്യങ്ങൾ വിലയിരുത്താനും തീരുമാനിച്ചു. യോഗത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ ജീവൻ ബാബു കെ, ജില്ലാ മെഡിക്കൽ ഓഫീസർമാർ, പൊതുവിദ്യാഭ്യാസ വകുപ്പിലെ ജില്ലാതല ഓഫീസർമാർ തുടങ്ങിയവരും പങ്കെടുത്തു.

# വ്യവസായങ്ങൾ അടച്ചുപൂട്ടിക്കൽ സർക്കാർ നയമല്ല: തൊഴിൽ മന്ത്രി

തിരുവനന്തപുരം: വ്യവസായങ്ങൾ അടപ്പിക്കുക സർക്കാർ നയമല്ലെന്ന് തൊഴിൽ മന്ത്രി വി ശിവൻകുട്ടി.സംസ്ഥാനത്ത് വ്യവസായ സൗഹൃദ അന്തരീക്ഷമാണ് നിലവിലുള്ളതെന്നും മന്ത്രി വ്യക്തമാക്കി. കണ്ണൂർ മാതമംഗലത്ത് ഹാർഡ്‌വെയർ കടയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് നിലവിലെ വിഷയം പരിഹരിക്കാനുള്ള ഉഭയകക്ഷി ചർച്ച ഈ മാസം 21 ന് നടക്കും. ലേബർ കമ്മിഷണർ എസ് ചിത്രയുടെ നേതൃത്വത്തിലാണ് ചർച്ച. സ്ഥാപനമുടമയുമായും തൊഴിലാളി യൂണിയൻ പ്രതിനിധികളുമായും ലേബർ കമ്മിഷണറുടെ നേതൃത്വത്തിൽ ചർച്ച നടത്തും. വിഷയം ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് പ്രശ്നം ചർച്ച ചെയ്ത് പരിഹരിക്കാൻ ലേബർ കമ്മിഷണറെ ചുമതലപ്പെടുത്തുകയായിരുന്നു. വാണിജ്യ വ്യവസായ സ്ഥാപനങ്ങളുടെ സുഗമമായ നടത്തിപ്പ് ഉറപ്പുവരുത്തുന്നതിനൊപ്പം തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും മന്ത്രി അറിയിച്ചു. തൊഴിൽ പ്രശ്നങ്ങളിൽ തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ അടിയന്തരമായി ഇടപെടുകയും പ്രശ്നപരിഹാരത്തിന് ശ്രമിക്കുകയും ചെയ്യണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. തൊഴിലാളി തൊഴിലുടമ ബന്ധം ശക്തമാക്കാനുള്ള നടപടികളാണ് തൊഴിൽവകുപ്പ് സ്വീകരിച്ചുവരുന്നത്. ഒറ്റപ്പെട്ട സംഭവങ്ങളുടെ പേരിൽ സംസ്ഥാനത്തെ തൊഴിലന്തരീക്ഷം മോശമാണെന്ന് ചിത്രീകരിക്കാനുള്ള ശ്രമം വിലപ്പോകില്ല. തൊഴിലാളി ക്ഷേമ നടപടികളിൽ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഏറെ മുന്നിലാണ് കേരളം. സംസ്ഥാനത്ത് തൊഴിലാളികളുടെ ക്ഷേമം, സമാധാനപരമായ തൊഴിലന്തരീക്ഷം എന്നിവയോടൊപ്പം പുതിയ തൊഴിലവസര സൃഷ്ടിയും കൂടി ലക്ഷ്യംവെച്ചുള്ള വികസന കാഴ്ചപ്പാടാണ് സർക്കാരിനുള്ളത്. തൊഴിലാളി,തൊഴിലുടമ, സർക്കാർ എന്നിങ്ങനെ ത്രികക്ഷി സമ്പ്രദായം ശക്തിപ്പെടുത്തി ഉഭയകക്ഷി ചർച്ചകളിലൂടെ എല്ലാ പ്രശ്നങ്ങളും രമ്യമായി പരിഹരിക്കുക എന്നതാണ് സർക്കാർ നിലപാട്. മാതമംഗലത്തും മാടായിയിലും സർക്കാരിന്റെ നിലപാട് ഇതുതന്നെയാണെന്നും മന്ത്രി വ്യക്തമാക്കി. തൊഴിൽ മേഖലയിൽ നിലനിൽക്കുന്ന അനാരോഗ്യകരമായ പ്രവണതകൾക്കെതിരെ സംസ്ഥാന സർക്കാർ നടപടി സ്വീകരിച്ചു വരികയാണ്. തൊഴിലുടമകളും തൊഴിലാളികളും നിയമങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തും. ആരോഗ്യകരമായ തൊഴിൽ ബന്ധങ്ങളും തൊഴിൽ സംസ്കാരവും ആണ് സർക്കാർ ലക്ഷ്യം വെക്കുന്നതെന്നും മന്ത്രി വ്യക്തമാക്കി.

# സ്ഥിരതാമസക്കാരെ സ്വാഗതം ചെയ്ത് കാനഡ

ഒട്ടാവ: കുടിയേറ്റ നയം പരിഷ്കരിച്ച് കാനഡ സർക്കാർ. രാജ്യത്ത് സ്ഥിരതാമസമാക്കാൻ താല്പര്യമുള്ളവർക്ക് അനുകൂലമായാണ് കുടിയേറ്റ നയത്തിലെ വ്യവസ്ഥകൾ പരിഷ്കരിച്ചിരിക്കുന്നത്. കോവിഡിന് ശേഷം രാജ്യത്തിന്റെ വളർച്ച വേഗത്തിലാക്കാനും ഗുരുതരമായ തൊഴിൽ ക്ഷാമം പരിഹരിക്കാനുമാണ് സർക്കാരിന്റെ പുതിയ നീക്കം. ഇതിന്റെ ഭാഗമായി കനേഡിയൻ സർക്കാർ ഇമിഗ്രേഷൻ ലെവൽ പ്ലാൻ 20222024 പ്രഖ്യാപിച്ചു. അടുത്ത മൂന്ന് വർഷത്തിനുള്ളിൽ ഏകദേശം 1.3 ദശലക്ഷം പുതിയ കുടിയേറ്റക്കാരെ ആകർഷിക്കാനാണ് കാനഡ ലക്ഷ്യമിടുന്നത്. 2024ഓടെ മൊത്തം കുടിയേറ്റക്കാർ കനേഡിയൻ ജനസംഖ്യയുടെ 1.14 ശതമാനമാകും. 2015 വരെ കാനഡ പ്രതിവർഷം 250,000 കുടിയേറ്റക്കാരെ വരെ അനുവദിച്ചിരുന്നു. 2016ൽ അത് പ്രതിവർഷം 300,000 എന്നാക്കി ഉയർത്തി. കോവിഡിനു മുൻപ് പ്രതിവർഷം 340,000 കുടിയേറ്റക്കാരെയായിരുന്നു രാജ്യം ലക്ഷ്യം വച്ചിരുന്നത്. എന്നാൽ കോവിഡ് കാരണം 2020ൽ കുടിയേറ്റം 200,000ൽ താഴെയായി. 2021ൽ, 405,000ലധികം പുതിയ സ്ഥിര താമസക്കാരാണ് രാജ്യത്തെത്തിയത്. കാനഡയുടെ ചരിത്രത്തിൽ ഒരു വർഷത്തിനിടെ ഏറ്റവും കൂടുതൽ കുടിയേറ്റക്കാർ വന്ന വർഷമാണ് അത്. കോവിഡ് കാരണം നിലവിൽ ഏകദേശം 1.8 ദശലക്ഷം വിസാ ബാക്ക് ലോഗ് ക്ലിയർ ചെയ്യാൻ കനേഡിയൻ സർക്കാർ ബുദ്ധിമുട്ടുകയാണ്. 2021ലെ യുഎസ് ന്യൂസ് ആൻഡ് വേൾഡ് റിപ്പോർട്ട് അനുസരിച്ച് ലോകത്തെ ഏറ്റവും മികച്ച രാജ്യം കാനഡയാണ്. പൗരന്മാരുടെ ജീവിത നിലവാരത്തിലെ മികവാണ് കാനഡ ലോകത്തെ മികച്ച രാജ്യമായി തിരഞ്ഞെടുക്കപ്പെടാൻ കാരണം. കാനഡയിൽ കോവിഡ് നിയന്ത്രണങ്ങളിൽ പ്രതിഷേധിച്ച് ട്രക്ക് ഡ്രൈവർമാർ ആരംഭിച്ച റോഡ് ഉപരോധവും പ്രതിഷേധവും വലിയ പ്രതിസന്ധിയാണ് രാജ്യത്ത് സൃഷ്ടിച്ചിരിക്കുകയാണ്. സ്ഥിതി നിയന്ത്രണ വിധേയമാക്കാൻ പ്രധാനമന്ത്രി ജസ്റ്റിൻ ട്രൂഡോ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചിരിക്കുകയാണ്. കനേഡിയൻ ചരിത്രത്തിൽ അടിയന്തരാവസ്ഥ അധികാരങ്ങൾ പ്രയോഗിക്കുന്നത് രണ്ടാം തവണയാണ്.

# മാസ്മരിക സംഗീതലോകത്തെ ചടുലതാളം; ബിപ്പി ലാഹിരി

മാസ്മരിക സംഗീതത്തിലൂടെ ജനങ്ങളെ 'ഡിസ്കോ' കളിപ്പിച്ച പ്രിയപ്പെട്ട ബിപ്പി ലാഹിരി. ഒരുപക്ഷേ പ്രമുഖരായ ഹിന്ദി സംഗീത സംവിധായർക്കൊപ്പം ബിപ്പി ലാഹിരിക്ക് സ്ഥാനമുണ്ടായിരിക്കില്ല. അതിനും മുകളിലായി ചടുലതയും നിറങ്ങളും സംഗീതവും ചേർന്ന മറ്റൊരു ലോകമാണ് ബിപ്പി ലാഹിരി സൃഷ്ടിച്ചെടുത്തത്. ബോളിവുഡിനെ ഇളക്കിമറിച്ച് യുവാക്കളുടെ ഹരമായി മാറിയ ഐ ആം എ ഡിസ്കോ ഡാൻസർ എന്ന ഗാനത്തിലൂടെ സംഗീതലോകത്ത് പുതിയ തരംഗ സൃഷ്ടിക്കാൻ ബപ്പി ലഹിരിക്ക് കഴിഞ്ഞു. റാഹി മസൂം റാസ എഴുതി ബബ്ബർ സുഭാഷ് സംവിധാനം ചെയ്ത് 1982ൽ പുറത്തിറങ്ങിയ ചിത്രമാണ് ഡിസ്കോ ഡാൻസർ. ഡിസ്കോ ഡാൻസറിലെ മിഥുൻ ചക്രവർത്തിയുടെ നൃത്ത ശൈലിയും ഏറെ ശ്രദ്ധിക്കപ്പെട്ടു. വിജയ് ബെനഡിക്ടാണ് ഗാനം ആലപിച്ചത്. ബോംബെയിലെ ചേരികളിൽ നിന്നുവന്ന തെരുവ് കലാകാരന്റെ കഥയാണ് ചിത്രം പറയുന്നത്. ഏഷ്യ, സോവിയറ്റ് യൂണിയൻ, കിഴക്കൻ യൂറോപ്പ്, മിഡിൽ ഈസ്റ്റ്, തുർക്കി, ആഫ്രിക്ക തുടങ്ങിയ സ്ഥലങ്ങളിൽ ഉൾപ്പടെ ഹിറ്റായതോടെ ഐ ആം എ ഡിസ്കോ ഡാൻസർ എന്ന ഡിസ്കോ ഗാനത്തെ ലോകമെമ്പാടുമുള്ളവർ ഹൃദയത്തിൽ ഏറ്റുവാങ്ങി. അന്നത്തെ സോവിയറ്റ് യൂണിയനിൽ ഏറ്റവും കൂടുതൽ വരുമാനം നേടിയ വിദേശ ചിത്രവും ഡിസ്കോ ഡാൻസറായിരുന്നു. അതിൽ ഏറ്റവും ശ്രദ്ധിക്കപ്പെട്ടത് ഐ ആം എ ഡിസ്കോ ഡാൻസർ എന്ന ഡിസ്കോ ഗാനവും!. മുംബൈയിലെ നടരാജ് സ്റ്റുഡിയോയിൽ മൂന്ന് ദിവസങ്ങളിലായാണ് ഐ ആം എ ഡിസ്കോ ഡാൻസർ എന്ന ടൈറ്റിൽ ഗാനം ചിത്രീകരിച്ചത്. അതിനുശേഷമുള്ള ജനക്കൂട്ടത്തിന്റെ രംഗങ്ങൾ മുംബൈയിലെ ഫിലിമിസ്ഥാൻ സ്റ്റുഡിയോയിലാണ് ചിത്രീകരിച്ചത്. പാർവതി ഖാൻ ആലപിച്ച 'ജിമ്മി ജിമ്മി ജിമ്മി ആജാ', ലാഹിരി തന്നെ പാടിയ 'യാദ് ആ രഹാ ഹേ', ഉഷയ്ക്കൊപ്പം സുരേഷ് വാഡ്കർ ആലപിച്ച 'ഗോരോ കി നാ കാലോ കി' എന്നിവയും ഇന്നും ജനപ്രിയ ഗാനങ്ങളുടെ പട്ടികയിലുണ്ട്. 1988ൽ പുറത്തിറങ്ങിയ ദേവോയുടെ 'ഡിസ്കോ ഡാൻസർ' എന്ന ഗാനത്തിൽ നിന്ന് പ്രചേദനം ഉൾക്കൊണ്ടാണ് 'ഐ ആം എ ഡിസ്കോ ഡാൻസർ' എന്ന ടൈറ്റിൽ ഗാനം ലാഹിരി ചിട്ടപ്പെടുത്തുന്നത്. 2010ൽ രോഹിത് ഷെട്ടി സംവിധാനം ചെയ്ത് പുറത്തിറക്കിയ ബോളിവുഡ് കോമഡി ചിത്രമായ ഗോൾമാൽ 3ൽ 'ഐ ആം എ ഡിസ്കോ ഡാൻസർ', 'യാദ് ആ രഹാ ഹേ' എന്നീ ഗാനങ്ങൾ ഉപയോഗിച്ചിരുന്നു.

പശ്ചിമ ബംഗാളിലെ ജൽപായ്ഗുഡിയിലെ ബംഗാളി ബ്രാഹ്മണ കുടുംബത്തിലാണ് ലാഹിരി ജനിച്ചത്. ജൽപായ്ഗുഡിയിൽ നിന്നുള്ള അദ്ദേഹത്തിന്റെ മാതാപിതാക്കളായ അപരേഷ് ലാഹിരിയും ബൻസുരി ലാഹിരിയും പ്രശസ്ത ബംഗാളി ഗായകരും ശാസ്ത്രീയ സംഗീതജ്ഞരുമായിരുന്നു.

# പൾസ് പോളിയോ വിതരണം 27ന്; ജില്ലയിൽ 2,222 ബൂത്തുകൾ

തിരുവനന്തപുരം: അഞ്ച് വയസിന് താഴെയുള്ള കുട്ടികൾക്കുള്ള പൾസ് പോളിയോ വിതരണത്തിന് ജില്ലയിൽ 2,222ബൂത്തുകൾ സജ്ജം. ആരോഗ്യ കേന്ദ്രങ്ങൾ, അങ്കണവാടികൾ, സ്കൂളുകൾ, വായനശാലകൾ എന്നിവിടങ്ങളിലായി2,130 ബൂത്തുകളും ബസ് സ്റ്റാന്റുകൾ, റയിൽവേ സ്റ്റേഷനുകൾ, വിമാനത്താവളങ്ങൾ എന്നിവിടങ്ങളിലായി 53 ട്രാൻസിറ്റ് ബൂത്തുകളും അതിഥി തൊഴിലാളികളുടെ വാസസ്ഥലങ്ങൾ, ക്യാമ്പുകൾ, വിനോദസഞ്ചാര കേന്ദ്രങ്ങൾ എന്നിവിടങ്ങളിലായി 39 മൊബൈൽ യൂണിറ്റുകളും കേന്ദ്രീകരിച്ച് ഈ മാസം 27ന് തുള്ളിമരുന്ന് വിതരണം ചെയ്യുമെന്ന് ജില്ലാമെഡിക്കൽ ഓഫീസർ അറിയിച്ചു.


രാവിലെ എട്ട് മുതൽ വൈകിട്ട് അഞ്ച് വരെയാണ് ബൂത്തുകൾ പ്രവർത്തിക്കുക. റയിൽവേ സ്റ്റേഷനുകൾ, ബസ് സ്റ്റാന്റുകൾ, വിമാനത്താവളങ്ങൾ എന്നിവിടങ്ങളിൽ രാവിലെ എട്ടു മുതൽ രാത്രി എട്ട് വരെ തുള്ളിമരുന്ന് വിതരണം ചെയ്യും. പൂർണമായും കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചാകും ബൂത്തുകളുടെ പ്രവർത്തനം. കുട്ടിയോടൊപ്പം ഒരാൾക്ക് മാത്രമാണ് ബൂത്തിൽ പ്രവേശനം. 60 വയസിന് മുകളിൽ പ്രായമുള്ളവർ കുട്ടിയോടൊപ്പം എത്താതിരിക്കുന്നതാണ് അഭികാമ്യം. എൻ 95 മാസ്ക് അല്ലെങ്കിൽ ഡബിൾ മാസ്ക്, മൂക്കും വായും മൂടുന്ന വിധത്തിൽ ധരിക്കണം.

സംസാരിക്കുമ്പോൾ മാസ്ക് താഴ്ത്താൻ പാടില്ല. ബൂത്തിൽ പ്രവേശിക്കുന്നതിനു മുൻപും ഇറങ്ങിയതിനു ശേഷവും വെള്ളവും സോപ്പും ഉപയോഗിച്ചോ സാനിറ്റൈസർ ഉപയോഗിച്ചോ കൈകൾ വൃത്തിയാക്കണം.

ബൂത്തിനുള്ളിലും പുറത്തും കൂട്ടംകൂടി നിൽക്കരുത്. അടുത്തുള്ള ആളുമായി രണ്ട് മീറ്ററെങ്കിലും അകലം പാലിക്കണം.

കഴിഞ്ഞ നാല് ആഴ്ചയ്ക്കുള്ളിൽ കോവിഡ് പോസിറ്റീവ് ആയിട്ടുള്ള കുട്ടികളും രക്ഷകർത്താക്കളും ബൂത്തിൽ എത്തരുത്. കോവിഡ് പോസിറ്റീവ് ആയ കുട്ടിക്ക് നാല് ആഴ്ചയ്ക്ക് ശേഷം മാത്രം പോളിയോ തുള്ളി മരുന്ന് നൽകിയാൽ മതിയാകും.

# കരിമീനുണ്ട്, ചിക്കനുണ്ട്, മട്ടനുണ്ട്.!. ഒരൊറ്റ ഡയലോഗ്കൊണ്ടു ജീവിതംമാറിയ കലാകാരൻ



കോട്ടയം: ഒരൊറ്റ ഡയലോഗ്കൊണ്ടു ജീവിതംമാറിയ കലാകാരനായിരുന്നു ഇന്നു രാവിലെ അന്തരിച്ച കോട്ടയം പ്രദീപ്. കരിമീനുണ്ട്, ചിക്കനുണ്ട്, മട്ടനുണ്ട്.. കഴിച്ചോളൂ, കഴിച്ചോളൂ... എന്ന് ഒറ്റ സീനിലെ ഡയലോഗ് പിന്നീട് ഈ നടൻറെ ജീവിതം മാറ്റിമറിക്കുകയായിരുന്നു. വർഷങ്ങളായി പിന്നാലെ അലഞ്ഞ മലയാള സിനിമയിലല്ല, തമിഴ് സിനിമയായ വിണ്ണൈത്താണ്ടി വരുവായ ആയിരുന്നു ഗതി മാറ്റിയതെന്നതു കാലത്തിൻറെ നീതിയായിരുന്നു.

പത്താം വയസിൽ എൻ.എൻ. പിള്ളയുടെ ഈശ്വരൻ അറസ്റ്റിൽ എന്ന നാടകത്തിൽ ബാലതാരമായി അഭിനയിച്ചാണ് കോട്ടയം പ്രദീപ് കലാജീവിതം ആരംഭിക്കുന്നത്. പിന്നീട് 40 വർഷമായി നാടകരംഗത്തു സജീവമായിരുന്നു. അതിനു ശേഷമാണ് സിനിമ അഭിനയത്തിലേക്ക് എത്തുന്നത്.

സിനിമയുടെ പിന്നാലെ അതിയായ അഭിലാഷത്തോടെ അലഞ്ഞ ഒരു കാലം ഈ നടനുമുണ്ടായിരുന്നു. കോട്ടയം സ്വദേശിയായ പ്രദീപ് കാരാപ്പുഴ സർക്കാർ സ്കൂളിലും കോട്ടയം ബസേലിയസ് കോളജിലും കോപ്പറേറ്റീവ് കോളജിലുമായി പഠനം പൂർത്തിയാക്കി. 1989 മുതൽ എൽഐസി ഉദ്യോഗസ്ഥനായി. ഇതിനൊപ്പമായിരുന്നു കലാപ്രവർത്തനങ്ങളും.

1999ൽ ഈ നാട് ഇന്നലെ വരെ എന്ന ചിത്രത്തിലൂടെ സിനിമയിലെത്തിയെങ്കിലും കോട്ടയം പ്രദീപ് എന്ന നടനെ പ്രേക്ഷകർ തിരിച്ചറിഞ്ഞത് ഗൗതം മേനോൻ 2010ൽ ഒരുക്കിയ വിണ്ണൈത്താണ്ടി വരുവായിലൂടെയാണ്. പിന്നീട് അദ്ദേഹത്തിനു തിരിഞ്ഞു നോക്കേണ്ടി വന്നില്ല. സംഭാഷണ ശൈലികൊണ്ടും ഭാഷയുടെയും ശബ്ദത്തിൻറെയും പ്രത്യേകത കൊണ്ടും പ്രേക്ഷക ഇഷ്ടം നേടിയെടുത്തു.

കല്യാണരാമൻ, ഫോർ ദ പീപ്പിൾ, രാജമാണിക്യം, ലോലിപ്പോപ്പ് തുടങ്ങിയ ചിത്രങ്ങളിൽ വേഷമിട്ടെങ്കിലും ശ്രദ്ധിക്കപ്പെട്ടിരുന്നില്ല. വിണ്ണൈതാണ്ടി വരുവായ വന്നതോടെ സിനിമാ പ്രവർത്തകരും പ്രദീപിൻറെ അഭിനയശൈലി ശ്രദ്ധിച്ചു. ആ ചിത്രത്തിൻറെ തെലുങ്ക്, ഹിന്ദി പതിപ്പിലും താരം അഭിനയിച്ചിരുന്നു.

പ്രതീക്ഷയുമില്ലാതെ ഗൗതം മേനോനെ കാണുക എന്ന ലക്ഷ്യത്തോടെ ചിത്രത്തിൻറെ ഓഡീഷനു പോയതായിരുന്നു പ്രദീപ്. എന്നാൽ, അവിചാരിതമായി സിനിമയിൽ അവസരം കിട്ടിയതോടെ തലവര മാറി. പിന്നീട് എഴുപതിലേറെ ചിത്രങ്ങളിൽ അഭിനയിച്ചു. മുഴുനീള കഥാപാത്രമല്ലെങ്കിൽ പോലും തൻറെ ഒറ്റ ഡയലോഗിലൂടെ തിയറ്ററുകളിൽ ചിരി പടർത്തുമായിരുന്നു താരം. മോഹൻലാലിനൊപ്പം അവസാനിച്ച ആറാട്ട് നാളെ തിയറ്ററിലെത്താനിരിക്കെയാണ് ഇപ്പോഴത്തെ ആകസ്മിക വിയോഗം.

അഭിനയ പാരമ്പര്യമില്ലാത്ത കുടുംബത്തിൽനിന്നാണ് അദ്ദേഹം സിനിമയിലെത്തിയത്. ചാൻസ് ചോദിച്ചും ഡയലോഗുകൾ കിട്ടാൻ കാത്തിരുന്നും സിനിമയ്ക്കു വർഷങ്ങൾ കാത്തിരുന്നു. അവസ്ഥാന്തരങ്ങൾ എന്ന ടെലിസീരിയലിനു ബാലതാരങ്ങളെ ആവശ്യമുണ്ടെന്നു കണ്ട് മകനെയും കൂട്ടി സെറ്റിലെത്തിയപ്പോഴാണ് സീനിയർ ആയ ഒരു റോളിൽ അച്ഛനായ കോട്ടയം പ്രദീപിന് ടെലിവിഷനിൽ ആദ്യ അവസരം ലഭിക്കുന്നത്.

നിർമാതാവ് പ്രേം പ്രകാശാണ് അദ്ദേഹത്തിന് ആ അവസരം നൽകിയത്. പിന്നീട് ഐ.വി. ശശി ചിത്രം ഈ നാട് ഇന്നലെ വരെയിലൂടെയാണ് വെള്ളിത്തിരയിലേക്കുള്ള കടന്നു വരവ്. വിനീത് ശ്രീനിവാസൻ സംവിധാനം ചെയ്ത തട്ടത്തിൻ മറയത്തിലെ പോലീസ് കോൺസ്റ്റബിളിൻറെ വേഷം മലയാളത്തിൽ മികച്ച തുടക്കം നൽകി.

അമർ അക്ബർ അന്തോണി, കട്ടപ്പനയിലെ ഋതിക് റോഷൻ, ഒരു വടക്കൻ സെൽഫി, കുഞ്ഞിരാമായണം, തോപ്പിൽ ജോപ്പൻ, ആട് ഒരു ഭീകരജീവിയാണ്, ലൈഫ് ഓഫ് ജോസൂട്ടി, ഗോദ്ധതുടങ്ങി എഴുപതിലധികം സിനിമൾ. ഇതിനിടയിൽ രാജാറാണി, നൻപെൻടാ, തെരി തുടങ്ങിയ തമിഴ് ചിത്രങ്ങളുടെയും ഭാഗമായി.

സൗഹൃദങ്ങളിലൂടെ അവസരങ്ങൾ നേടിയ നടനെന്നാണ് സിനിമാ പ്രവർത്തകർ കോട്ടയം പ്രദീപിനെ ഓർക്കുന്നത്. എല്ലാവരും അദ്ദേഹത്തിൻറെ സുഹൃത്തുക്കളായിരുന്നു.

# പരീക്ഷാഫലം അട്ടിമറിക്കാൻ ശ്രമമെന്ന ആരോപണം സിൻഡിക്കേറ്റ് സമിതി അന്വേഷിക്കും

തേഞ്ഞിപ്പലം: കാലിക്കറ്റ് സർവകലാശാലയുടെ പരീക്ഷാഫലം അട്ടിമറിക്കാൻ ബോധപൂർവം ശ്രമം നടന്നോ എന്ന കാര്യം സിൻഡിക്കേറ്റ് സമിതി അന്വേഷിക്കുമെന്ന് സിൻഡിക്കേറ്റ് സ്ഥിരംസമിതി കൺവീനർ കെ കെ ഹനീഫ പറഞ്ഞു. ബിരുദമൂല്യനിർണയ ക്യാമ്പിൽ ചില അധ്യാപകർ പങ്കെടുക്കാൻ കൂട്ടാക്കിയില്ല. ക്യാമ്പ് ചെയർമാന്മാർ ആവശ്യപ്പെട്ടിട്ടും ഹാജരായിട്ടില്ല. ഇതൊക്കെയാണ് ബിരുദഫല പ്രഖ്യാപനം വൈകിച്ചത്. കക്ഷിരാഷ്ട്രീയം മുൻനിർത്തി ആരൊക്കെ പരീക്ഷാനടപടികളിൽ നിന്നു മുഖംതിരിഞ്ഞിട്ടുണ്ടോ എന്നത് സിൻഡിക്കേറ്റ് സമിതി അന്വേഷിക്കും. ഔദ്യോഗിക ഉത്തരവാദിത്വം നിർവഹിക്കാത്ത അധ്യാപകർക്കെതിരെ നടപടിക്ക് സർക്കാരിനോട് ശുപാർശ ചെയ്യും. സ്വകാര്യകല്പിത സർവകലാശാലകളുടെ വളർച്ചയ്ക്കും പൊതുമേഖലയിലുള്ള സർവകലാശാലകളുടെ തകർച്ചയ്ക്കും വേണ്ടി ചിലർ ശ്രമിക്കുന്നതായും അദ്ദേഹം ആരോപിച്ചു.

രണ്ടാം സെമസ്റ്റർ ബിരുദപരീക്ഷയുടെ മൂവായിരത്തഞ്ഞൂറോളം ഉത്തരക്കടലാസുകൾ നഷ്ടപ്പെട്ടെന്ന പ്രചാരണം വസ്തുതാവിരുദ്ധമാണ്.

കോളേജിൽ നിന്ന് ഇന്റേണൽ മാർക്കുകൾ ചേർക്കാത്തതോ റദ്ദാക്കിയ ചോദ്യക്കടലാസ് ഉപയോഗിച്ച് പരീക്ഷ നടത്തിയതോ ആയ കോളേജുകളിലെ വിദ്യാർഥികളുടെ ഫലമാണ് ഇനിയും പ്രസിദ്ധീകരിക്കാനുള്ളത്. അഴിമതി നടത്തുന്ന ജീവനക്കാർക്കെതിരെ കർശന നടപടിയുണ്ടാകുമെന്നും വീഴ്ച വരുത്തിയ ജീവനക്കാർ സർവീസിലുണ്ടാകില്ലെന്നും കെ.കെ. ഹനീഫ വ്യക്തമാക്കി.

സർവകലാശാലയിൽ 30 ലക്ഷം രൂപയുടെ അഴിമതി നടത്തിയ ഉദ്യോഗസ്ഥനെതിരെ അന്വേഷണ നടപടികൾ തുടരുകയാണ്. നേരത്തെ ക്രമക്കേട് കണ്ടെത്തിയ ഒരാളെ സർവീസിൽ നിന്ന് പിരിച്ചുവിട്ടിട്ടുമുണ്ട്. അഴിമതി ആര് നടത്തിയാലും സംരക്ഷിക്കില്ല.

വിദ്യാർഥികൾക്ക് അവശ്യ സേവനങ്ങൾ അതിവേഗം ലഭിക്കുന്നതിനായി സമഗ്രമായ ഡിജിറ്റൈസേഷൻ നടപടികൾ പരിഗണനയിലുണ്ട്. ഒരുവർഷത്തിനകം ഇവ യാഥാർഥ്യമാക്കാനാണ് ശ്രമം. പരീക്ഷാഭവൻ, ഭരണകാര്യാലയം എന്നിവിടങ്ങളിലേക്ക് ആവശ്യമായ പുതിയ കമ്പ്യൂട്ടറുകൾ വാങ്ങാൻ സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചിട്ടുണ്ട്. വ്യാജ ചലാനുകളുടെ പേരിൽ ക്രമക്കേടുകൾ നടന്നിട്ടുണ്ടോ എന്നും സർവകലാശാലക്ക് സാമ്പത്തിക നഷ്ടമുണ്ടായിട്ടുണ്ടോ എന്നും അന്വേഷിക്കാൻ പ്രൊഫ. എം.എം. നാരായണൻ കൺവീനറായ സമിതിക്കാണ് ചുമതല. സിൻഡിക്കേറ്റംഗങ്ങളായ അഡ്വ. ടോം കെ. തോമസ്, ഡോ. ജി. റിജുലാൽ, ഡോ. എം. മനോഹരൻ, എ.കെ. രമേഷ് ബാബു, ഡോ. കെ.ഡി. ബാഹുലേയൻ, ഡോ. കെ.പി. വിനോദ് കുമാർ തുടങ്ങിയവരും പത്രസമ്മേളനത്തിൽ പങ്കെടുത്തു.

# പെൻഷൻ അദാലത്ത്

എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് ഓർഗനൈസേഷൻ മേഖലാ ഓഫീസിന്റെ ആഭിമുഖ്യത്തിൽ പെൻഷൻ സംബന്ധിച്ച പരാതി പരിഹാര അദാലത്ത് മാർച്ച് 10ന് രാവിലെ 11 മണിക്ക് ഗൂഗിൾ മീറ്റ് വഴിയും വൈകുന്നേരം മൂന്ന് മണിക്ക് പി.എഫ് ഓഫീസിൽ നേരിട്ടും നടത്തും. മൊബൈൽ നമ്പർ, പി.പി.ഒ നമ്പർ എന്നിവ സഹിതം പരാതി നിധി ആപ് കെ നികട്, പബ്ലിക് റിലേഷൻസ് ഓഫീസർ, ഇ.പി.എഫ്.ഒ, റീജിയണൽ ഓഫീസ്, കൊല്ലം വിലാസത്തിൽ ഫെബ്രുവരി 28 ന് മുമ്പ് സമർപ്പിക്കണം. ഫോൺ: 0474 2767645, 0474 2751872.

# സർട്ടിഫിക്കറ്റിലെ തിരുത്തൽ

ചന്ദനത്തോപ്പ് സർക്കാർ ഐ.ടി.ഐ.യിൽ 2014 മുതൽ എം.ഐ.എസ് പ്രകാരം പ്രവേശനം നേടിയ ട്രെയിനികളിൽ ഇ.എൻ.ടി.സിയിൽ (നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ്) തിരുത്തൽ ആവശ്യമുള്ളവർക്ക് എം.ഐ.എസ് പോർട്ടൽ മുഖേന തിരുത്താം. അവസാന തീയതി മാർച്ച് രണ്ട്. വിശദ വിവരങ്ങൾക്ക് ഫോൺ :04742712781.

# ദുരിതബാധിതർക്ക് വീട് നിർമിക്കാൻ വിലക്കിഴിവിൽ നിർമാണ സാമഗ്രികൾ നൽകും: മന്ത്രി കെ രാജൻ

കോട്ടയം: കൂട്ടിക്കൽ പ്രളയദുരന്ത ബാധിതർക്ക് വീടു നിർമിക്കാൻ ഭവനനിർമ്മാണ സാമഗ്രികൾ 15 ശതമാനം വിലക്കിഴിവിൽ ലഭ്യമാക്കുമെന്ന് റവന്യൂ മന്ത്രി കെ രാജൻ പറഞ്ഞു.

കഴിഞ്ഞ ഒക്ടോബർ 16നുണ്ടായ പ്രളയത്തിൽ പൂഞ്ഞാർ, കാഞ്ഞിരപ്പളി നിയോജക മണ്ഡലങ്ങളിൽ പൂർണമായി വീടു നഷ്ടപ്പെട്ടവർക്കുള്ള ധനസഹായ വിതരണോദ്ഘാടനം കൂട്ടിക്കലിൽ നിർവഹിച്ചു പ്രസംഗിക്കുകയായിരുന്നു മന്ത്രി. കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ കലവറ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് വീടുനഷ്ടപ്പെട്ടവർക്ക് ഭവന നിർമാണ സാമഗ്രികൾ ലഭ്യമാക്കുക. കേരളത്തിൽ ആദ്യമായി ദുരിതാശ്വാസധന സഹായം ആശ്രിതരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നേരിട്ട് എത്തിക്കാൻ സാധിച്ചത് കൂട്ടിക്കലിലാണ്. ദുരന്തം സംഭവിച്ചു മൂന്നു മാസത്തിനുള്ളിൽ തന്നെ ദുരിതാശ്വാസ ധനസഹായം വിതരണം ആരംഭിച്ചിരുന്നു.

അടിക്കടിയുണ്ടാകുന്ന പ്രകൃതി ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ സംസ്ഥാനത്തു ദുരന്ത നിവാരണ സാക്ഷരതാ യജ്ഞത്തിനു സർക്കാർ തുടക്കം കുറിക്കും. സാക്ഷരത യജ്ഞം പോലെ ദുരന്തനിവാരണ വിവിധ സർക്കാർ വകുപ്പുകളെയും സംഘടനകളെയും പൊതുജനങ്ങളെയും യജ്ഞത്തിൽ ഉൾപ്പെടുത്തുമെന്നും റവന്യൂ മന്ത്രി പറഞ്ഞു.

ദുരിതബാധിതർക്ക് ഓഫീസുകൾ കയറിയിറങ്ങാതെ തന്നെ ബാങ്കിലേക്ക് ദുരിതാശ്വാസധനസഹായം എത്തിക്കാൻ സർക്കാരിനായതായി യോഗത്തിൽ അധ്യക്ഷത വഹിച്ച സഹകരണരജിസ്ട്രേഷൻ വകുപ്പ് മന്ത്രി വി എൻ വാസവൻ പറഞ്ഞു.

സംസ്ഥാനത്തെ ഏറ്റവും ശ്രദ്ധേയമായ രക്ഷാപ്രവർത്തനമാണ് കൂട്ടിക്കലിൽ നടന്നത്. രക്ഷാദുരിതാശ്വാസ പ്രവർത്തനങ്ങളിൽ പങ്കാളികളായ വിവിധ വകുപ്പുകളെയും സംഘടനകളെയും ജനങ്ങളെയും മന്ത്രി അഭിനന്ദിച്ചു.

സർക്കാർ ചീഫ് വിപ്പ് ഡോ. എൻ ജയരാജ് മുഖ്യപ്രഭാഷണം നടത്തി. ആന്റോ ആന്റണി എം പി, അഡ്വ. സെബാസ്റ്റ്യൻ കുളത്തുങ്കൽ എംഎൽഎ, ജില്ലാ കളക്ടർ ഡോ. പി കെ ജയശ്രീ, ഈരാറ്റുപേട്ട നഗരസഭാധ്യക്ഷ സുഹറ അബ്ദുൾ ഖാദർ, ജില്ലാ പഞ്ചായത്ത് അംഗങ്ങളായ പി ആർ അനുപമ, ശുഭേഷ് സുധാകരൻ, ബ്ലോക്ക്ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, കക്ഷിനേതാക്കളായ സി കെ ശശിധരൻ, കെ രാജേഷ് എന്നിവർ പരിപാടിയിൽ പങ്കെടുത്തു. കാഞ്ഞിരപ്പള്ളി താലൂക്കിൽ പൂർണമായും വീടു നഷ്ടപ്പെട്ട 47 പേർക്കുള്ള ധനസഹായമാണ് മന്ത്രി വിതരണം ചെയ്തത്.

# അന്തർ സംസ്ഥാന വാഹന തട്ടിപ്പ് സംഘം അറസ്റ്റിൽ, പോലീസ് സ്റ്റേഷൻ ആക്രമിക്കാനും ശ്രമം

ചങ്ങനാശേരി: ഉടമകളിൽ നിന്നും വാഹനങ്ങൾ വാടകയ്ക്കെടുത്തു മറിച്ചു വിൽപ്പന നടത്തി തട്ടിപ്പ് നടത്തുന്ന അന്തർ സംസ്ഥാന വാഹന തട്ടിപ്പ് സംഘത്തിലെ നാലുപേരെ ചങ്ങനാശേരി പോലീസ് അറസ്റ്റ് ചെയ്തു. സംഘത്തിലെ രണ്ടു പേർ പോലീസ് സ്റ്റേഷൻ ആക്രമിച്ചു പ്രതികളെ മോചിപ്പിക്കാനും ശ്രമിച്ചു.

കാവാലം പള്ളിയറക്കാവ് ക്ഷേത്രത്തിനു സമീപം മുണ്ടടി കളത്തിൽ വീട്ടിൽ ശ്യാംകുമാർ, കാഞ്ഞിരപ്പള്ളി ഇടക്കുന്നം തച്ചുകുളം വീട്ടിൽ മുഹമ്മദ് അസറുദീൻ, കാഞ്ഞിരപ്പള്ളി പത്തേക്കർ കരോട്ട് പറന്പിൽ ഷിജാസ്(ചാച്ചു), കാഞ്ഞിരപ്പള്ളി ആനക്കല്ല് മുസ്ലീം പള്ളിക്ക് സമീപം നെല്ലിമല പുതുപ്പറന്പിൽ ഫാസിൽ ലത്തീഫ്(ഫൈസൽ) എന്നിവരാണ് അറസ്റ്റിലായത്. ഇതിൽ ഫൈസൽ, ശ്യാംകുമാർ എന്നിവർ പോലീസ് സ്റ്റേഷനിലെത്തി പ്രതികളെ രക്ഷിക്കാൻ ശ്രമം നടത്തിയതിനാണ് അറസ്റ്റ് ചെയ്തത്.

പ്രതികളെ രക്ഷിക്കാൻ ശ്രമിക്കുകയും പോലീസ് സ്റ്റേഷൻറെ ഗ്രില്ലുകൾ തകർത്തതിനുമാണ് ഇവർക്കെതിരെ കേസെടുത്തിരിക്കുന്നത്. ഐപിസി ആക്ട് പ്രകാരമാണ് കേസെടുത്തിരിക്കുന്നതെന്ന് എസ്എച്ച്ഒ റിച്ചാർഡ് വർഗീസ് പറഞ്ഞു. ഈ കേസിലെ പ്രധാന പ്രതി അജ്മലിനെ ഇനിയും പിടികൂടാനുണ്ട്.

അജ്മലിനായി അന്വേഷണം ഊർജിതമാക്കിയിരിക്കുകായണ്. അടിപിടി, വാഹന മോഷണം, വഞ്ചന ഉൾപ്പെടെ 25 ലധികം കേസുകൾ ഇയാളുടെ പേരിലുണ്ട്. ചങ്ങനാശേരി സ്വദേശിയുടെ ഉടമസ്ഥതയിലുള്ള ഇന്നോവ കാർ തട്ടിയെടുത്ത കേസിൽ നടത്തിയ അന്വേഷണത്തിലാണ് തട്ടിപ്പ് സംഘം പിടിയിലായത്.

സംഭവത്തെക്കുറിച്ച് പോലീസ് പറയുന്നതിങ്ങനെ: കഴിഞ്ഞ 14ന് പ്രതികളായ ശ്യാംകുമാർ, മുഹമ്മദ് അസറുദീൻ എന്നിവർ ചങ്ങനാശേരിയിലെ വാഹന ഉടമയെ സമീപിച്ച് ഒരു മാസത്തിനുള്ളിൽ തിരികെ തരാമെന്നു പറഞ്ഞു വിശ്വസിപ്പിച്ച് ഇന്നോവ വാഹനം വാടകയ്ക്കെടുത്തു കൊണ്ടു പോയി.

തുടർന്ന് സംഘം വ്യാജ വാഹന ഉടന്പടി കരാറും രേഖകളും തയാറാക്കി കാഞ്ഞിരപ്പള്ളി ഭാഗത്തുള്ള ആൾക്ക് ഇന്നോവ വില്പന നടത്തി. ഇത്തരത്തിൽ പ്രതികൾ പലസ്ഥലങ്ങളിൽ നിന്നും വാഹനം വാടകയ്ക്കെടുത്ത ശേഷം വ്യാജ ഉടന്പടികൾ തയാറാക്കിയ ശേഷം യഥാർഥ വാഹന ഉടന്പടിക്കരാറാണെന്നു കക്ഷികളെ വിശ്വസിപ്പിച്ച് വില്പന നടത്തുകയാണ് ചെയ്തിരുന്നത്.

സമാനരീതിയിലുള്ള തട്ടിപ്പ്, അടിപിടി, വഞ്ചന, മോഷണം, നരഹത്യാശ്രമം തുടങ്ങി ചെറുതും വലുതുമായ നിരവധി കേസുകൾ പ്രതികളുടെ പേരിലുണ്ടെന്നും പോലീസ് പറഞ്ഞു.

ജില്ലാ പോലീസ് മേധാവി ഡി.ശില്പയുടെ നിർദേശാനുസരണം ചങ്ങനാശേരി ഡിവൈഎസ്പി ആർ.ശ്രീകുമാറിൻറെ നേതൃത്വത്തിൽ ചങ്ങനാശേരി പോലീസ് സ്റ്റേഷൻ എസ്എച്ച്ഒ റിച്ചാർഡ് വർഗീസ്, പോലീസ് സബ് ഇൻസ്പെടർമാരായ ജയകൃഷ്ണൻ, ശ്രീകുമാർ ടി.എൻ, സന്തോഷ്കുമാർ.എസ്, എഎസ്ഐ ഷിനോജ്, സിജു.കെ.സൈമൺ, അജിത്ത്, ബിജു.പി.നായർ, ജീമോൻ മാത്യു, സിപിഒ ശ്രീവിദ്യ, തോമസ് സ്റ്റാൻലി, ജിബിൻ ലോബോ എന്നിവരാണ് പ്രതികളെ അറസ്റ്റ് ചെയ്തത്.

# കോവിഡ്19 മരണസംഖ്യ ഔദ്യോഗിക കണക്കുകളേക്കാൾ കൂടുതലാണെന്ന മാധ്യമ വാർത്തകൾ വസ്തുതാ വിരുദ്ധവും ഊഹാപോഹങ്ങളെ അടിസ്ഥാനമാക്കിയുള്ളതും

ഇന്ത്യയിലെ കോവിഡ്19 മരണസംഖ്യ ഔദ്യോഗിക കണക്കുകളേക്കാൾ വളരെ കൂടുതലാണെന്നും, യഥാർത്ഥ കണക്കുകളേക്കാൾ കുറച്ചു കാണിക്കുകയാണെന്നും ആരോപിച്ച്, ഒരു ഗവേഷണ പ്രബന്ധത്തെ ആധാരമാക്കി ചില മാധ്യമങ്ങൾ വാർത്ത പ്രസിദ്ധീകരിക്കുകയുണ്ടായി. 2021 നവംബർ തുടക്കം വരെ 4.6 ലക്ഷം കൊവിഡ് മരണമാണ് രാജ്യത്ത് സംഭവിച്ചതെന്ന് ഔദ്യോഗിക കണക്കുകൾ വ്യക്തമാക്കുമ്പോൾ, ഇതേ കാലയളവിൽ 32 ലക്ഷത്തിനും 37 ലക്ഷത്തിനും ഇടയിൽ ആളുകൾ കോവിഡ് 19 ബാധിച്ച് മരിച്ചതായാണ് മേൽപ്പറഞ്ഞ പഠനം കണക്കാക്കുന്നത്.

നേരത്തെ വ്യക്തമാക്കിയിട്ടുള്ളത് പോലെ, ഇത്തരം മാധ്യമ റിപ്പോർട്ടുകൾ, തെറ്റിദ്ധാരണാജനകവും അപൂർണ്ണവും കൃത്യതയില്ലാത്തവയുമാണെന്ന് ഒരിക്കൽ കൂടി വ്യക്തമാക്കുന്നു. വസ്തുതകളെ അടിസ്ഥാനമാക്കിയല്ല, മറിച്ച് ഊഹാപോഹങ്ങളുടെ അടിസ്ഥാനത്തിലുള്ളവയാണ് ഇത്തരം കണക്കുകൾ.

കൊവിഡ്19 മരണങ്ങൾ ഉൾപ്പെടെയുള്ള എല്ലാ മരണങ്ങളും റിപ്പോർട്ട് ചെയ്യുന്നതിന് സുശക്തമായ ഒരു സംവിധാനം ഇന്ത്യയിൽ നിലവിലുണ്ട്. ഭരണസംവിധാനത്തിന്റ വിവിധ തലങ്ങളിൽ, അതായത്, ഗ്രാമപഞ്ചായത്ത് തലം മുതൽ ജില്ലാതലം വരെയും പിന്നീട് സംസ്ഥാനതലത്തിലും കണക്കുകൾ പതിവായി സമാഹരിക്കുന്നു. സംസ്ഥാനങ്ങൾ സ്വതന്ത്രമായി റിപ്പോർട്ട് ചെയ്ത മരണക്കണക്കാണ് കേന്ദ്രം സമാഹരിക്കുന്നത്. കോവിഡ് മരണവുമായി ബന്ധപ്പെട്ട ആഗോളതലത്തിൽ അംഗീകരിക്കപ്പെട്ട മാനദണ്ഡങ്ങൾ കേന്ദ്രം സംസ്ഥാനങ്ങളുമായി പങ്കിടുകയും സംസ്ഥാനങ്ങൾ അവ പിന്തുടർന്ന് പോരുകയും ചെയ്യുന്നു. കോവിഡ് മരണങ്ങൾ രേഖപ്പെടുത്തുന്നതിന് ഇന്ത്യാ ഗവണ്മെന്റ് സമഗ്രമായ നിർവചനം പുറത്തിറക്കിയിട്ടുണ്ട്. താഴെത്തട്ടിലുണ്ടാകുന്ന ചില മരണങ്ങൾ യഥാസമയം റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ ആ മരണസംഖ്യ കൂടി ഉൾപ്പെടുത്തി പട്ടിക പുതുക്കാൻ കേന്ദ്ര ഗവണ്മെന്റ് സംസ്ഥാനങ്ങളോട് അഭ്യർത്ഥിച്ചിട്ടുണ്ട്. നിർദ്ദിഷ്ട മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി മരണങ്ങൾ കൃത്യമായി രേഖപ്പെടുത്താൻ ഒട്ടേറെ തവണ നടന്ന ഔപചാരിക ആശയവിനിമയങ്ങളിലും വീഡിയോ കോൺഫറൻസുകളിലും മാത്രമല്ല കേന്ദ്ര സംഘങ്ങൾ വഴിയും സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

കേരളത്തിലെ ജനസംഖ്യ, ഇന്ത്യൻ റെയിൽവേ ജീവനക്കാർ, എംഎൽഎമാർ, എംപിമാർ, കർണാടകയിലെ സ്കൂൾ അധ്യാപകർ എന്നിങ്ങനെ നാല് വ്യത്യസ്ത ഉപജനവിഭാഗങ്ങളെ പരിഗണിച്ചുള്ള ത്രികോണമാപന രീതിയാണ്, മാധ്യമ റിപ്പോർട്ടുകളിൽ ഉദ്ധരിച്ച പഠനം, ദേശീയ മരണസംഖ്യ കണക്കാക്കുന്നതിന് അവലംബമാക്കിയിരിക്കുന്നത്. നിരവധി സംസ്ഥാനങ്ങളുള്ള ഇന്ത്യയെപ്പോലെ വിശാലമായ ഒരു രാജ്യത്തെ മരണസംഖ്യ കണക്കാക്കുമ്പോൾ, പരിമിതമായ ഒരു കൂട്ടം വിവരങ്ങളും ചില പ്രത്യേക അനുമാനങ്ങളും അടിസ്ഥാനമാക്കി നടത്തുന്ന പ്രവചനങ്ങൾ അതീവ ശ്രദ്ധയോടെ കൈകാര്യം ചെയ്യേണ്ടതാണ്. തെറ്റായ കണക്കുകൂട്ടലുകൾ വഴി തെറ്റായ നിഗമനങ്ങളിലേക്കാണ് ഇത്തരം പഠനങ്ങൾ എത്തിച്ചേരുന്നത്.

റിപ്പോർട്ട് ചെയ്യപ്പെടുന്ന മരണസംഖ്യയിലെ പൊരുത്തക്കേട് ഒഴിവാക്കാനും, ഇന്ത്യയിലെ കോവിഡ്19 അനുബന്ധ മരണങ്ങൾ ഉചിതമായി രേഖപ്പെടുത്തുന്നതിനുമായി, ണഒഛ ശുപാർശ ചെയ്യുന്ന കഇഉ10 കോഡ് അനുസരിച്ച് എല്ലാ മരണങ്ങളും കൃത്യമായി രേഖപ്പെടുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശം കഌഞ്ഞ പുറപ്പെടുവിച്ചു. മഹാമാരി ആരംഭിച്ചത് മുതൽ തന്നെ കോവിഡ് 19 കേസുകളുടെയും മരണങ്ങളുടെയും കണക്കുകൾ ദിനംപ്രതി പൊതുമണ്ഡലത്തിൽ ലഭ്യമാണ്. അതുപോലെ, എല്ലാ വിശദാംശങ്ങളോടും കൂടിയ പ്രതിദിന ബുള്ളറ്റിനുകൾ ജില്ലാ തലം മുതൽ സംസ്ഥാനതലം വരെ പുറത്തിറക്കുന്നുണ്ട്. ഈ കണക്കുകളും പൊതുമണ്ഡലത്തിൽ ലഭ്യമാണ്.

കോവിഡ് 19 മഹാമാരി പോലെ തീവ്രമായതും നീണ്ടുനിൽക്കുന്നതുമായ പൊതുജനാരോഗ്യ പ്രതിസന്ധിയുടെ സമയത്ത് മരണസംഖ്യയിൽ ചെറിയ വ്യത്യാസങ്ങൾ സംഭവിക്കാമെന്നത് സ്ഥിരീകരിക്കപ്പെട്ട വസ്തുതയാണ്. മരണനിരക്ക് സംബന്ധിച്ച വിവരങ്ങൾ വിശ്വസനീയമായ സ്രോതസ്സുകളിൽ നിന്ന് ലഭ്യമാകുന്ന മുറയ്ക്കാണ് മരണങ്ങളെ സംബന്ധിച്ച ആധികാരിക ഗവേഷണ പഠനങ്ങൾ സാധാരണയായി നടത്താറുള്ളത്.

ഇന്ത്യയിലെ കോവിഡ്19 മരണനിരക്ക് വിശകലനം ചെയ്യുമ്പോൾ, നഷ്ടപരിഹാരത്തുക ലഭിക്കാനുള്ള സാധ്യത കാരണം എല്ലാ കോവിഡ് 19 മരണങ്ങളും കണക്കിൽപ്പെടുത്താനും റിപ്പോർട്ട് ചെയ്യാനും കൂടുതൽ സാധ്യതയുണ്ടെന്നതും ശ്രദ്ധിക്കേണ്ട വസ്തുതയാണ്.

# ഹുവാവെ ഓഫീസുകളിൽ ആദായ നികുതി വകുപ്പിന്റെ പരിശോധന

ന്യൂഡൽഹി: ചൈനീസ് ടെലികോം കമ്പനിയായ ഹുവാവെയുടെ ഇന്ത്യയുടെ ഓഫീസുകളിൽ ആദായ നികുതി വകുപ്പിന്റെ പരിശോധന. ഡൽഹി, ഗുരുഗ്രാം, ബംഗളൂരു ഓഫീസുകളിലാണ് പരിശോധന. കമ്പനിയുടെ ഇന്ത്യയിലേയും വിദേശത്തേയും ഇടപാടുകളിൽ നികുതി വെട്ടിപ്പ് നടന്നിട്ടുണ്ടോ എന്നാണ് അന്വേഷിക്കുന്നത്. സാമ്പത്തിക രേഖകൾ, അക്കൗണ്ട് ബുക്കുകൾ തുടങ്ങിയവ സംഘം പിടിച്ചെടുത്തു. കമ്പനിയിലെ മുതിർന്ന മാനേജ്മെന്റ് ഉദ്യോഗസ്ഥരെ ആദായ നികുതി വകുപ്പ് ചോദ്യം ചെയ്തതായും റിപ്പോർട്ടുകളുണ്ട്.

ഓഫീസുകളിൽ ആദായ നികുതി വകുപ്പിന്റെ പരിശോധന നടന്നതായി ഹുവാവെയും സ്ഥിരീകരിച്ചു. ഇന്ത്യയിലെ നിയമങ്ങളും മാനദണ്ഡങ്ങളും അനുസരിച്ചാണ് കമ്പനി പ്രവർത്തിക്കുന്നത്. അതിനാൽ ആത്മവിശ്വാസമുണ്ടെന്നും കമ്പനി വാർത്താ കുറിപ്പിലൂടെ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്കായി ബന്ധപ്പെട്ട സർക്കാർ വകുപ്പുകളുമായി ബന്ധപ്പെടുമെന്നും പരിശോധനയോട് പൂർണമായും സഹകരിക്കുമെന്നും കമ്പനി അറിയിച്ചു.

മെയ് മാസത്തിൽ 5ജി പദ്ധതിയുടെ ട്രയലിൽ നിന്ന് ഹുവാവെയേയും മറ്റൊരു ചൈനീസ് ടെലകോം കമ്പനിയായ ഇസഡ്ടിഇയെയും ഇന്ത്യ ഒഴിവാക്കിയിരുന്നു. എന്നാൽ ഹുവാവെയും ഇസഡ്ടിഇയും നിർമിക്കുന്ന ടെലികോം ഉപകരണങ്ങൾ വാങ്ങാനും ഉപയോഗിക്കാനും ടെലികോം ഓപ്പറേറ്റർമാരെ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്. ഡിസംബറിൽ ഷവോമി, ഓപ്പോ തുടങ്ങിയ ചൈനീസ് സ്മാർട് ഫോൺ ബ്രാൻഡുകളുടെ ഓഫീസിൽ ആദായ നികുതി വകുപ്പ് പരിശോധന നടത്തിയിരുന്നു.

രണ്ടു കമ്പനികളിലുമായി 5500 കോടി രൂപയുടെ നികുതിവെട്ടിപ്പ് കണ്ടെത്തുകയും ചെയ്തു.

# കോവിഡാനന്തര രോഗങ്ങളും തുടർചികിത്സയും; ഗവേഷണ സർവേ നടത്തും

കോവിഡാനന്തര രോഗങ്ങൾ കണ്ടെത്തുന്നതിനും തുടർചികിത്സ ലഭ്യമാക്കുന്നതിനുമായി ജില്ലാ മെഡിക്കൽ ഓഫീസിന്റെയും ഹയർസെക്കൻഡറി നാഷണൽ സർവീസ് സ്കീമിന്റെയും നേതൃത്വത്തിൽ ശലഭങ്ങൾ 2.0 എന്ന പേരിൽ ഗവേഷണ സർവേ നടത്തുമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ബിന്ദു മോഹൻ പറഞ്ഞു. രണ്ടാം തരംഗത്തിൽ രോഗബാധിതരായവരിൽ നിന്നുമാണ് വിവരങ്ങൾ ശേഖരിക്കുക. ഗൂഗിൾ ഫോം വഴിയാണ് വിവരശേഖരണം.

സിമ്പിൾ റാന്റം സാമ്പ്ലിങ് വഴി 3,000 രോഗികളുടെ ഡേറ്റാ വിശകലനം ചെയ്ത് 15 ദിവസത്തിനുള്ളിൽ പഠനം പൂർത്തിയാക്കും.


എല്ലാ തദ്ദേശസ്ഥാപന പരിധിക്കുള്ളിലും നടത്തുന്ന സാമ്പിൾ സർവേ കൂടാതെ കൊല്ലം സർക്കാർ മെഡിക്കൽ കോളേജ്, ജില്ലാ ആശുപത്രി, പുനലൂർ താലൂക്ക് ആശുപത്രി, അഴീക്കൽ പി.എച്ച്.സി, നെടുമ്പന സി.എച്ച്.സി എന്നിവിടങ്ങളിലെ പോസ്റ്റ് കോവിഡ് ക്ലിനിക്കിലെ രോഗികളുടെയും വിവരങ്ങൾ പഠനത്തിനായി വിനിയോഗിക്കും. പഠനറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ ചികിത്സയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതാണെന്നും ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു.

ജില്ലാ സർവെയ്ലൻസ് ഓഫീസർ ഡോ. ആർ സന്ധ്യ, ഡിഡിഇഎംഒ നോഡൽ ഓഫീസർ കോട്ടാത്തല ശ്രീകുമാർ, എൻഎസ്എസ് ജില്ലാ കൺവീനർ കെ.ജി പ്രകാശ് എന്നിവർ സർവേയ്ക്ക് നേതൃത്വം നൽകും.

# പ്രൊഫൈൽ തിരുത്തൽ

ഇളമാട് സർക്കാർ ഐ.ടി.ഐയിൽ 2014 മുതൽ എൻ. സി. വി. ടി എം.ഐ.എസ് പ്രകാരം അഡ്മിഷൻ നേടി സർട്ടിഫിക്കറ്റ് ലഭ്യമായ ട്രെയിനികളുടെ ഇ.എൻ. ടി. സികളിൽ പ്രൊഫൈൽ സംബന്ധമായ തെറ്റുകൾ തിരുത്താൻ അവസരം. ഗ്രിവാൻസ് പോർട്ടൽ ( http:// www.ncvtmis.gov.in) ) മുഖേന മാർച്ച് രണ്ട് വരെ തിരുത്താം. കൂടുതൽ വിവരങ്ങൾക്ക് 0474 267775,www.itielamadukerala.gov.in.

# സംസ്ഥാനത്ത് ഇന്ന് 8,655 പേർക്ക് കോവിഡ്



തിരുവനന്തപുരം: സംസ്ഥാനത്ത് ഇന്ന് 8,655 പേർക്ക് കോവിഡ്19 സ്ഥിരീകരിച്ചു. എറണാകുളം 1696, തിരുവനന്തപുരം 1087, കൊല്ലം 812, തൃശൂർ 746, കോട്ടയം 731, കോഴിക്കോട് 610, ആലപ്പുഴ 567, പത്തനംതിട്ട 447, ഇടുക്കി 420, മലപ്പുറം 405, കണ്ണൂർ 357, പാലക്കാട് 343, വയനാട് 332, കാസർഗോഡ് 102 എന്നിങ്ങനേയാണ് ജില്ലകളിൽ ഇന്ന് രോഗ ബാധ സ്ഥിരീകരിച്ചത്. കഴിഞ്ഞ 24 മണിക്കൂറിനിടെ 64,650 സാമ്പിളുകളാണ് പരിശോധിച്ചത്.

സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 2,14,307 പേരാണ് ഇപ്പോൾ നിരീക്ഷണത്തിലുള്ളത്. ഇവരിൽ 2,09,925 പേർ വീട്/ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറൻറൈനിലും 4,382 പേർ ആശുപത്രികളിലും നിരീക്ഷണത്തിലാണ്. 679 പേരെയാണ് പുതുതായി ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. നിലവിൽ 99,424 കോവിഡ് കേസുകളിൽ, 4.5 ശതമാനം വ്യക്തികൾ മാത്രമാണ് ആശുപത്രി/ഫീൽഡ് ആശുപത്രികളിൽ പ്രവേശിപ്പിക്കപ്പെട്ടിട്ടുള്ളത്. കഴിഞ്ഞ 24 മണിക്കൂറിനിടെ 18 മരണങ്ങളാണ് കോവിഡ് 19 മൂലമാണെന്ന് സ്ഥിരീകരിച്ചത്.

ഇതുകൂടാതെ മുൻ ദിവസങ്ങളിൽ മരണപ്പെടുകയും എന്നാൽ രേഖകൾ വൈകി ലഭിച്ചത് കൊണ്ടുള്ള 108 മരണങ്ങളും സുപ്രീം കോടതി വിധിപ്രകാരം കേന്ദ്രസർക്കാരിൻറെ പുതിയ മാർഗനിർദേശമനുസരിച്ച് അപ്പീൽ നൽകിയ 193 മരണങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതോടെ സംസ്ഥാനത്തെ ആകെ മരണം 63,338 ആയി.

ഇന്ന് രോഗം സ്ഥിരീകരിച്ചവരിൽ 24 പേർ സംസ്ഥാനത്തിന് പുറത്ത് നിന്നും വന്നവരാണ്. 7884 പേർക്ക് സമ്പർക്കത്തിലൂടെയാണ് രോഗം ബാധിച്ചത്. 660 പേരുടെ സമ്പർക്ക ഉറവിടം വ്യക്തമല്ല. 87 ആരോഗ്യ പ്രവർത്തകർക്കാണ് രോഗം ബാധിച്ചത്. രോഗം സ്ഥിരീകരിച്ച് ചികിത്സയിലായിരുന്ന 22,707 പേർ രോഗമുക്തി നേടി. തിരുവനന്തപുരം 5811, കൊല്ലം 1540, പത്തനംതിട്ട 542, ആലപ്പുഴ 1360, കോട്ടയം 2680, ഇടുക്കി 743, എറണാകുളം 2783, തൃശൂർ 1832, പാലക്കാട് 821, മലപ്പുറം 1183, കോഴിക്കോട് 1420, വയനാട് 780, കണ്ണൂർ 950, കാസർഗോഡ് 262 എന്നിങ്ങനേയാണ് രോഗമുക്തിയായത്. തോടെ 99,424 പേരാണ് രോഗം സ്ഥിരീകരിച്ച് ഇനി ചികിത്സയിലുള്ളത്. 62,85,477 പേർ ഇതുവരെ കോവിഡിൽ നിന്നും മുക്തി നേടി.

# പോക്സോ കേസ്: അന്വേഷണവുമായി പ്രതി സഹകരിക്കുന്നില്ലെന്ന് പൊലീസ്

കൊച്ചി: പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ ലൈംഗികമായി പീഡിപ്പിച്ചെന്ന കേസിൽ നമ്പർ 18 ഹോട്ടൽ ഉടമ റോയി വയലാറ്റ് അന്വേഷണവുമായി സഹകരിക്കുന്നില്ലെന്ന് സർക്കാർ. പ്രതികളെ കസ്റ്റഡിയിൽ ചോദ്യം ചെയ്യേണ്ടതുണ്ട്. പോക്സോ കേസിൽ തിങ്കളാഴ്ച വരെ റോയി വയലാറ്റിനെ അറസ്റ്റ് ചെയ്യില്ലെന്നും സർക്കാർ ഹൈക്കോടതിയിൽ അറിയിച്ചു. പരാതിക്കാരിയുടെ വാദം കൂടി കേട്ടശേഷമേ പ്രതികളുടെ മുൻകൂർ ഹർജിയിൽ തീരുമാനമെടുക്കാവൂ എന്നും പ്രോസിക്യൂഷൻ കോടതിയോട് അഭ്യർത്ഥിച്ചു. അതേസമയം തങ്ങൾക്ക് കൂടുതൽ ഡിജിറ്റൽ തെളിവുകൾ ഹാജരാക്കാനുണ്ടെന്ന് റോയ് വയലാറ്റ് അടക്കമുള്ള പ്രതികളും അറിയിച്ചു. ഇതേത്തുടർന്നാണ് കേസ് തിങ്കളാഴ്ചത്തേക്ക് മാറ്റിയത്. അന്വേഷണവുമായി സഹകരിക്കുന്നില്ലെന്ന പ്രോസിക്യൂഷന്റെ വാദം റോയി വയലാറ്റ് നിഷേധിച്ചു. കഴിഞ്ഞ മൂന്നുമാസമായി അന്വേഷണ ഉദ്യോഗസ്ഥനു മുന്നിൽ ഹാജരായി ഒപ്പിടുന്നുണ്ട്. മാത്രമല്ല, മോഡലുകളുടെ മരണം അന്വേഷിച്ച പൊലീസ് ഉദ്യോഗസ്ഥൻ തനിക്കെതിരെ വ്യാജ പ്രചാരണം നടത്തുകയും മാധ്യമങ്ങളുടെ കൂട്ടുപിടിച്ച് അപകീർത്തിപ്പെടുത്താൻ ശ്രമം നടത്തുന്നുവെന്നും റോയി വയലാറ്റ് കോടതിയിൽ ആരോപിച്ചു.

ഫോർട്ട് കൊച്ചി പൊലീസ് രജിസ്റ്റർ ചെയ്ത കേസിൽ റോയിയുടെ സുഹൃത്ത് സൈജു തങ്കച്ചനും സുഹൃത്തും കോഴിക്കോട് സ്വദേശിനിയുമായ അഞ്ജലി റീമദേവും പ്രതികളാണ്. കോഴിക്കോട് സ്വദേശിയായ അമ്മയും മകളും നൽകിയ പരാതിയിലാണ് റോയിക്കും മറ്റുമെതിരെ പോക്സോ കേസെടുത്തത്. 2021 ഒക്ടോബറിൽ ഹോട്ടലിൽ വെച്ച് റോയി വയലാറ്റ് ലൈംഗികമായി ഉപദ്രവിച്ചെന്നാണ് പരാതിയിൽ പറയുന്നത്.

# സ്ഥിതിഗതികൾ സസൂഷ്മം നിരീക്ഷിക്കുന്നുവെന്ന് ഉക്രെയ്നിലെ ഇന്ത്യൻ എംബസി

കീവ്: ഉക്രെയ്ൻ, റഷ്യ വിഷയം സസൂഷ്മം നിരീക്ഷിക്കുന്നുണ്ടെന്നും ഇന്ത്യൻ പൗരന്മാർ പരിഭ്രാന്തരാകേണ്ടതില്ലെന്നും വിദേശകാര്യമന്ത്രാലയം അറിയിച്ചു.

ഉക്രെയ്നിലെ സ്ഥിതിഗതികൾ എംബസി വിലയിരുത്തുന്നുണ്ട്. പൗരന്മാരുമായി സമ്പർക്കത്തിലാണ്. ഇന്ത്യൻ പൗരന്മാർക്കും വിദ്യാർത്ഥികൾക്കുമാണ് ഏറ്റവും കൂടുതൽ പ്രാധാന്യംകൊടുക്കുന്നത്. ഉക്രെയ്നിൽ നിന്ന് പൗരന്മാരെ ഒഴിപ്പിക്കുന്ന രീതിയിലുള്ള നടപടികളൊന്നും ആരംഭിച്ചിട്ടില്ല. എംബസി സാധാരണ നിലയിൽ പ്രവർത്തിക്കുന്നുണ്ട്. വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ളവരുമായി സമ്പർക്കത്തിൽ തന്നെയാണ്.

ഉക്രെയ്നിൽ നിന്ന് ഇന്ത്യൻ പൗരന്മാരെ അടിയന്തരമായി ഒഴിപ്പിക്കേണ്ട സാഹചര്യം വന്നാൽ അറിയിപ്പ് നൽകിയതിന് ശേഷമായിരിക്കും മറ്റ് നടപടികളിലേക്ക് കടക്കുകയെന്നും വിദേശകാര്യമന്ത്രാലയം അറിയിച്ചു. റഷ്യ, ഉക്രെയ്ൻ പ്രതിസന്ധി രൂക്ഷമായതായി പാശ്ചാത്യ രാജ്യങ്ങളിൽ റിപ്പോർട്ട് ചെയ്തതിന് പിന്നാലെ വിദ്യാർത്ഥികൾ അടിയന്തരമായി രാജ്യത്തേയ്ക്ക് തിരിച്ചുവരണമെന്ന് ഇന്ത്യ അറിയിച്ചു. ഇതിനായി കൂടുതൽ വിമാനസർവീസുകൾ ഏർപ്പാടാക്കുകയും ചെയ്തിരുന്നു.

# താനെയെയും ദിവയെയും ബന്ധിപ്പിക്കുന്ന റെയിൽവേ ലൈനുകൾ പ്രധാനമന്ത്രി രാജ്യത്തിന് സമർപ്പിക്കും

താനെയെയും ദിവയെയും ബന്ധിപ്പിക്കുന്ന രണ്ട് അധിക റെയിൽവേ ലൈനുകൾ 2022 ഫെബ്രുവരി 18 ന് വൈകുന്നേരം 4:30 ന് വീഡിയോ കോൺഫറൻസിംഗിലൂടെ പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി രാജ്യത്തിന് സമർപ്പിക്കും. മുംബൈ സബർബൻ റെയിൽവേയുടെ രണ്ട് സബർബൻ ട്രെയിനുകളും അദ്ദേഹം ഫ്ലാഗ് ഓഫ് ചെയ്യും, തുടർന്ന് അദ്ദേഹം ചടങ്ങിനെ അഭിസംബോധനയും ചെയ്യും. സെൻട്രൽ റെയിൽവേയുടെ പ്രധാന ജംഗ്ഷനാണ് കല്യാൺ. രാജ്യത്തിന്റെ വടക്ക് ഭാഗത്തുനിന്നും തെക്ക് ഭാഗത്തുനിന്നും വരുന്ന ഗതാഗതം കല്യാണിൽ ലയിച്ച് സി എസ്സ് എം ടി (ഛത്രപതി ശിവജി മഹാരാജ് ടെർമിനസ്) ലേക്ക് നീങ്ങുന്നു. കല്യാണിനും സിഎസ്ടിഎമ്മിനും ഇടയിലുള്ള നാല് ട്രാക്കുകളിൽ രണ്ട് ട്രാക്കുകൾ സ്ലോ ലോക്കൽ ട്രെയിനുകൾക്കും രണ്ട് ട്രാക്കുകൾ ഫാസ്റ്റ് ലോക്കൽ, മെയിൽ എക്സ്പ്രസ്, ഗുഡ്സ് ട്രെയിനുകൾക്കും ഉപയോഗിച്ചു. സബർബൻ, ദീർഘദൂര ട്രെയിനുകളെ വേർതിരിക്കുന്നതിനാണ് , രണ്ട് അധിക ട്രാക്കുകൾ ആസൂത്രണം ചെയ്തത്. താനെയെയും ദിവയെയും ബന്ധിപ്പിക്കുന്ന രണ്ട് അധിക റെയിൽവേ ലൈനുകൾ ഏകദേശം 620 കോടി രൂപ ചെലവിലാണ് നിർമ്മിച്ചിട്ടുള്ളത്. കൂടാതെ 1.4 കിലോമീറ്റർ നീളമുള്ള റെയിൽ മേൽപ്പാലം, 3 വലിയ പാലങ്ങൾ, 21 ചെറിയ പാലങ്ങൾ എന്നിവ ഉൾക്കൊള്ളുന്നു. ഈ ലൈനുകൾ മുംബൈയിലെ സബർബൻ ട്രെയിനിന്റെ ട്രാഫിക്കിലെ ദീർഘദൂര ട്രെയിനുകളുടെ ഗതാഗതത്തിന്റെ തടസ്സം ഗണ്യമായി ഇല്ലാതാക്കും. നഗരത്തിൽ 36 പുതിയ സബർബൻ ട്രെയിനുകൾ ഓടിക്കാനും ഈ ലൈനുകൾ സഹായിക്കും.

NAUTICAL TIMES KERALA | Thiruvananthapuram | RNI.Reg,No. KERBIL/2018/77391 | 2022 FEBRUARY 18 FRIDAY


# എൻഎസ്ഇയെ നിയന്ത്രിച്ചത് ഹിമാലയ സിദ്ധൻ!



മുംബൈ: നാഷണൽ സ്റ്റോക്ക് എക്സ്ചേഞ്ച് മുൻ മാനേജിംഗ് ഡയറക്ടറും(എംഡി) സിഇഒയുമായിരുന്ന ചിത്ര രാംകൃഷ്ണയുടെ വസതിയിൽ ആദായ നികുതിവകുപ്പ് റെയ്ഡ് നടത്തി. സാമ്പത്തിക ക്രമക്കേടുകളും നികുതിവെട്ടിപ്പും പ്രാഥമിക അന്വേഷണത്തിൽ സ്ഥിരീകരിച്ച സാഹചര്യത്തിലാണ് നടപടി.

ഏപ്രിൽ 2013 മുതൽ ഡിസംബർ 2016വരെയായിരുന്നു ചിത്ര എൻഎസ്ഇയിൽ എംഡിയായിരുന്നത്. എൻഎസ്ഇ സ്ഥാപിക്കുന്നതിലും ഇവർ മുഖ്യ പങ്കുവഹിച്ചിരുന്നു. എൻഎസ് ഇയിൽ ചിത്രയുടെ ഉപദേശകനും ഗ്രൂപ്പ് ഓപ്പറേറ്റിംഗ് ഓഫീസറുമായിരുന്ന ആനന്ദ് സുബ്രഹ്മണ്യൻറെ വസതിയിലും റെയ്ഡ് നടക്കുകയാണ്.

ആനന്ദ് സുബ്രഹ്മണ്യനെ ഉപദേശകനും ഗ്രൂപ്പ് ഓപ്പറേറ്റിംഗ് ഓഫീസറായും വഴിവിട്ട് നിയമിച്ചതിന് സെബി കഴിഞ്ഞ ദിവസം ചിത്രയ്ക്കു മൂന്നു കോടി രൂപയും എൻഎസ്ഇക്കും ആനന്ദ് സുബ്രഹ്മണ്യനും എൻഎസ്ഇ മുൻ എംഡി, രവി നരൈനും രണ്ടു കോടി രൂപയും എൻഎസ് ഇ മുൻസിആർഒ വി. ആർ നരസിംഹന് ആറു ലക്ഷം രൂപയും പിഴ വിധിച്ചിരുന്നു.

ചിത്ര ക്രമരഹിത ശമ്പള വർധനയിലൂടെയും ബോണസ് വർധനയിലൂടെയും മറ്റും കൈക്കാലാക്കിയ 4.37 കോടി രൂപ പിടിച്ചെടുക്കാനും സെബി ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനു പുറമേ, ആറു മാസത്തേക്കു പുതിയ ഉത്പന്നങ്ങൾ അവതരിപ്പിക്കുന്നതിൽനിന്ന് എൻഎസ്ഇയെ വിലക്കിയിരിക്കുകയാണ്.

ചിത്ര അപരിചിതനായ വ്യക്തിയുമായി, എൻഎസ് ഇയുടെ നിർണായക വിവരങ്ങൾ പങ്കുവച്ചതായും സെബി കണ്ടെത്തിയിരുന്നു. ഈ അജ്ഞാതൻറെ നിർദേശത്തെത്തുടർന്നാണു ചിത്ര, ആനന്ദ് സുബ്രഹ്മണ്യന് ഗ്രൂപ്പ് ഓഫീസറും ഉപദേശകനുമായി സ്ഥാനക്കയറ്റം നല്കിയതെന്നും ക്രമരഹിത ശമ്പളവർധന അനുവദിച്ചതെന്നും സെബിയുടെ റിപ്പോർട്ടിൽ പറയുന്നു. അതേസമയം, ഈ അജ്ഞാത വ്യക്തി ആരാണെന്നു വ്യക്തമാക്കാൻ ചിത്ര തയാറായിട്ടില്ല.

ഹിമാലയത്തിൽ വസിക്കുന്ന സിദ്ധനാണെന്നും തൻറെ ആത്മീയ ഗുരുവാണെന്നും മാത്രമാണു ചിത്ര ഇയാളെക്കുറിച്ച് നല്കുന്ന വിവരം.

പലപ്പോഴായി നേരിട്ടുകണ്ടിട്ടുണ്ടെന്നും ചിത്ര സമ്മതിച്ചതായി സെബി അറിയിച്ചു.

ഹിമാലയത്തിലെ സിദ്ധനുമായുള്ള ചിത്രയുടെ ഇമെയിൽ ഇടപാടുകളും സെബി കണ്ടെത്തിയിട്ടുണ്ട്. എൻഎസ് ഇയുടെ നിർണായക സാമ്പത്തികകാര്യ തീരുമാനങ്ങൾപോലും അജ്ഞാതനായ സിദ്ധൻറെ ഉപദേശത്തിൻറെ അടിസ്ഥാനത്തിലാണ് ചിത്ര കൈക്കൊണ്ടിരുന്നതെന്നും ഇയാൾക്ക് എല്ലാ മാസവും വലിയ തുക നന്ദിസൂചകമായി നല്കിയിരുന്നതായും സെബിയുടെ റിപ്പോർട്ടിൽ പറയുന്നു.

ഹിമാലയത്തിൽ വസിക്കുന്ന സിദ്ധന് എങ്ങനെയാണ് ഇമെയിൽ നിരന്തരം ഉപയോഗിക്കാൻ കഴിയുന്നതെന്ന ചോദ്യത്തിന്, അത്തരം കാര്യങ്ങൾ അദ്ദേഹത്തിന് ആത്മീയശക്തിയാൽ സാധ്യമാണെന്നായിരുന്നു ചിത്രയുടെ മറുപടി.

സംഭവം വിവാദമായതോടെ കേന്ദ്രസർക്കാർ എൻഎസ്ഇയുടെ പ്രവർത്തനം സംബന്ധിച്ച ധവളപത്രം പുറത്തിറക്കണമെന്നു കോൺഗ്രസ് ആവശ്യപ്പെട്ടു.

പരിശീലനം

ഓച്ചിറ ക്ഷീരോത്പന്ന നിർമാണപരിശീലനവികസനകേന്ദ്രത്തിൽ 'ശുദ്ധമായ പാലുത്പാദനം' എന്ന വിഷയത്തിൽ ഫെബ്രുവരി 22,23 നും പരിശീലനം നൽകുന്നു. രണ്ട് ഡോസ് കോവിഡ് വാക്സിൻ സർട്ടിഫിക്കറ്റ് ഉള്ളവർ 20 രൂപ ഫീസ് നൽകി ഫെബ്രുവരി 21ന് അഞ്ച് മണിക്കകം രജിസ്റ്റർ ചെയ്യണം. ആദ്യ 25 പേർക്ക് പ്രവേശനം ലഭിക്കും. ആധാർ കാർഡ് ഹാജരാക്കി പങ്കെടുക്കാം. ഫോൺ8075028868, 0476 2698550.

താത്ക്കാലിക നിയമനം

അടൂർ സർക്കാർ പോളിടെക്നിക്കിൽ ലക്ചറർ ഇൻ ആർകിടെക്ചർ തസ്തികയിൽ ഒരു താത്ക്കാലിക ഒഴിവുണ്ട്. അഭിമുഖം ഫെബ്രുവരി 21ന് രാവിലെ 10.30ന്. പ്രായം, വിദ്യാഭ്യാസ യോഗ്യത എന്നിവ സംബന്ധിച്ച അസൽ സർട്ടിഫിക്കറ്റുകൾ ഹാജരാക്കി പങ്കെടുക്കാം. 60 ശതമാനം മാർക്കോടെ അതത് വിഷയങ്ങളിൽ ബാച്ച്ലർ ഡിഗ്രിയാണ് കുറഞ്ഞ യോഗ്യത. എം ടെക്, അധ്യാപന പരിചയം എന്നിവയ്ക്ക് മുൻഗണന. എ.ഐ.സി.റ്റി പ്രകാരമുള്ള യോഗ്യതകൾ വേണം. ഫോൺ0473 4231776, 9400006424.



# പുഷ്പമേളയെ വരവേറ്റ് തലസ്ഥാനം

## ലുലു ഫ്ളവർ ഫെസ്റ്റിൽ ആയിരത്തിലധികം വൈവിധ്യങ്ങൾ

തിരുവനന്തപുരം : പുഷ്പഫലസസ്യങ്ങളുടെ വൈവിധ്യം നിറച്ച് ലുലു മാളിൽ സംഘടിപ്പിച്ച 'ലുലു ഫ്ളവർ ഫെസ്റ്റ് 2022' പുഷ്പമേള അനന്തപുരിക്ക് വേറിട്ട അനുഭവമായി.

നാല് ദിവസം നീളുന്ന പുഷ്പമേളയുടെ ആദ്യ ദിനം തന്നെ നിരവധി പേർ പ്രദർശനം കാണാനും ആകർഷകമായവ

സ്വന്തമാക്കാനും എത്തി.

ഇൻഡോർഔട്ട്ഡോർ ഗാർഡനിംഗിനടക്കം അനുയോജ്യമായ സസ്യങ്ങൾ, വായു ശുദ്ധീകരിക്കുന്ന സസ്യങ്ങൾ, തായ്ലൻഡിൽ നിന്നുള്ള അഗ്ലോണിമ, ബോൺസായ് ഇനത്തിൽപ്പെട്ട ടിസ്റ്റഡ് ഫൈക്കസ്, മോൺസ്റ്ററ, പല വർണ്ണങ്ങളിലുള്ള റോസ, ബോഗൺവില്ല, നാല് ദിവസം വരെ വാടാതെ നിൽക്കുന്ന തായ്ലൻഡ് ചെമ്പരത്തി എന്നിവയ്ക്ക് ആവശ്യക്കാർ ഏറെയാണ്.

മേളയെ ആകർഷകമാക്കുന്ന മറ്റൊരു ഘടകം വളരെ ചെറിയ കാലം കൊണ്ട് തന്നെ ഫലം തരുന്ന വൃക്ഷത്തൈകളാണ്. രണ്ട് മുതൽ മൂന്ന് വർഷം കൊണ്ട് കായ്ക്കുന്ന മലേഷ്യൻ കുള്ളൻ, രാമഗംഗ, ഗംഗബോണ്ടം തുടങ്ങിയവയാണ് ഇതിൽ ഉൾപ്പെടുന്ന തെങ്ങിൻ തൈകൾ. മലേഷ്യൻ മാതളം, ഒരു കിലോയുള്ള പേരയ്ക്ക വരെ ലഭിയ്ക്കുന്ന ഹൈബ്രിഡ് ഇനമായ വെഡിറ്റർ എന്നിവയും ചെറിയ കാലം കൊണ്ട് തന്നെ ഫലം തരുന്നവയാണ്.

വീടുകളിലടക്കം ഉപഭോക്താക്കളുടെ ആവശ്യാനുസരണം ലാൻഡ്സ്കേപ്പിംഗ്, കസ്റ്റമൈസ്ഡ് ഇൻഡോർഔട്ട്ഡോർ ഗാർഡനിംഗ് എന്നിവ ചെയ്ത് നൽകുന്നവരും പുഷ്പമേളയിൽ പങ്കെടുക്കുന്നുണ്ട്. ലാൻഡ്സ്കേപ്പിംഗ് സമയത്ത് തറയിൽ പാകാൻ ഉപയോഗിക്കുന്ന ബെംഗലൂരു സ്റ്റോൺ, തണ്ടൂർ സ്റ്റോൺ, ഇന്റർലോക്ക് ആകൃതിയിലുള്ള ഫേബർ സ്റ്റോൺ തുടങ്ങിയ ഇറക്കുമതി ചെയ്ത കല്ലുകളും പ്രദർശനത്തിനുണ്ട്.

അലങ്കാര ആവശ്യങ്ങൾക്കായി ഉപയോഗിയ്ക്കുന്ന ഗ്ലാഡിയോലസ്, ഡ്രൈഫ്രഷ് ഫ്ളവർ വിഭാഗത്തിൽപ്പെട്ട സോല വുഡ്, ജിപ്സോഫില തുടങ്ങിയവയും മേളയിൽ ശ്രദ്ധേയമായി. ലുലു മാളിൽ ഞായറാഴ്ച വരെയാണ് പുഷ്പമേള

# പാലം പണിക്കുള്ള ഇരുമ്പുകമ്പികൾ മോഷ്ടിച്ചവരെ പിന്തുടർന്നു പിടിച്ചു

പത്തനംതിട്ട: കൊടുമൺ, ചന്ദനപ്പള്ളി പാലം പണി നടക്കുന്ന സ്ഥലത്തുനിന്നു കോൺക്രീറ്റിന് ഉപയോഗിക്കുന്ന ഇരുമ്പുകമ്പികളും മറ്റും മോഷ്ടിച്ച മൂന്നുപേരെ രാത്രികാല പട്രോളിംഗിനിടെ പോലീസ് സംഘം കുടുക്കി.

കോന്നി പയ്യനാമൺ കിഴക്കേചരുവിൽ കെ. ബിജു (46), കൊല്ലം പത്തനാപുരം പിറവന്തൂർ പൂവൻ മുന്നൂർ ശ്യാംകുമാർ (31), കോന്നി പ്രമാടം വെള്ളപ്പാറ പുത്തൻവിളയിൽ ഗോപേഷ് കുമാർ (41) എന്നിവരാണ് പോലീസിൻറെ പിടിയിലായത്.

ഇന്നലെ പുലർച്ചെ 1.20ന് കൊടുമൺ പോലീസ് രാത്രികാല പട്രോളിംഗ് നടത്തിവരവേ ചന്ദനപ്പള്ളി വലിയപള്ളി കഴിഞ്ഞ് പാലത്തിനടുത്ത് എത്തിയപ്പോഴാണ് മോഷണം ശ്രദ്ധയിൽപെട്ടത്. പിക്ക് അപ്പ് വാനിൽ പ്രതികൾ ഇരുമ്പുകമ്പികളും മറ്റും കയറ്റിക്കൊണ്ടിരിക്കവേയാണ് പോലീസ് സംഘം എത്തിയത്.

പോലീസ് ജീപ്പ് കണ്ട ഉടൻ ഇവർ വാഹനത്തിൽ കയറി ചന്ദനപ്പള്ളി കൂടൽ റോഡ് വഴി അതിവേഗം കടന്നു. തുടർന്ന് നെടുമൺകാവ് റോഡിലൂടെ പാഞ്ഞ പിക്അപ്പ് വാഹനത്തെ കൊടുമൺ പോലീസ് സംഘം പിന്തുടർന്നു.

ഇതിനിടെ വയർലെസിലൂടെ വയർലെസ് കൺട്രോൾ റൂമിലും കൂടൽ മൊബൈൽ സംഘത്തെയും വിവരം അറിയിച്ചു. കൂടൽ പോലീസ് സ്റ്റേഷൻ അതിർത്തിയിൽപ്പെട്ട മുറിഞ്ഞകൽ മരുതിക്കാല എന്ന സ്ഥലത്തുവച്ച്, പിന്തുടർന്നെത്തിയ കൊടുമൺ പോലീസ് സംഘം വാഹനം തടഞ്ഞു രണ്ടുപേർ വാഹനത്തിൽ നിന്നിറങ്ങി ഓടി രക്ഷപ്പെട്ടു. ഒരാളെ പോലീസ് കസ്റ്റഡിയിലെടുത്തു ചോദ്യം ചെയ്തപ്പോൾ, മറ്റു രണ്ടു പ്രതികളുമായി ചേർന്ന് പാലം കോൺക്രീറ്റ് ചെയ്യാൻ വേണ്ടി ഇറക്കിയിട്ട ഇരുമ്പുകമ്പികളും മറ്റും മോഷ്ടിച്ചു വാഹനത്തിൽ കയറ്റുകയായിരുന്നെന്നു സമ്മതിച്ചു, തുടർന്ന് ഇയാളെ അറസ്റ്റ് ചെയ്തു. വാഹനവും കസ്റ്റഡിയിലെടുത്തു.

ജില്ലാ പോലീസ് മേധാവി സ്വപ്നിൽ മധുകർ മഹാജൻറെ നിർദേശപ്രകാരം കൊടുമൺ പോലീസ് ഇൻസ്പെക്ടർ മഹേഷ് കുമാർ, എസ്ഐ അനൂപ് ചന്ദ്രൻ എന്നിവരടങ്ങുന്ന സംഘം മറ്റൊരു പ്രതിയായ ഗോപേഷ് കുമാറിൻറെ പ്രമാടത്തുള്ള വീട്ടിലും പരിസരങ്ങളിലും മറ്റും നടത്തിയ തെരച്ചിലിനെത്തുടർന്നു ചന്ദനപ്പള്ളി ഭാഗത്തുനിന്നു രണ്ടും മൂന്നും പ്രതികളെ പിടികൂടുകയായിരുന്നു.

രണ്ടാം പ്രതി ശ്യാം കുമാറാണ് പിക്ക് അപ്പ് ഓടിച്ചത്. അന്വേഷണ സംഘത്തിൽ എസ്ഐ അനിൽ കുമാർ, എഎസ്ഐ സന്തോഷ്, എസ്സിപിഒ സക്കറിയ, സി പിഒ മാരായ രാജേഷ്, ബിജു, പ്രദീപ്, ശ്രീജിത്ത്, ശരത് എന്നിവരാണുണ്ടായിരുന്നത്.

# ലീയുടെ നെഹ്റു; സിംഗപ്പൂർ പ്രതിനിധിയെ വിളിച്ചുവരുത്തി ഇന്ത്യ

ന്യൂഡൽഹി: സിംഗപ്പൂർ പ്രധാനമന്ത്രി ലീ സിയാൻ ലൂംഗിൻറെ 'നെഹ്റുവിൻറെ ഇന്ത്യ' പരാമർശത്തിൽ പ്രതിഷേധം. വിദേശകാര്യമന്ത്രാലയം സിംഗപ്പൂർ നയതന്ത്രപ്രതിനിധിയെ വിളിച്ചുവരുത്തി ശക്തമായ പ്രതിഷേധം അറിയിച്ചു. സിംഗപ്പൂർ പ്രധാനമന്ത്രിയുടെ പരാമർശങ്ങൾ അനാവശ്യമായിരുന്നെന്ന് സർക്കാർ വൃത്തങ്ങൾ പറഞ്ഞു.

നെഹ്റുവിൻറെ ഇന്ത്യ, പകുതിയോളം ലോക്സഭാ എംപിമാർക്കെതിരെയും ബലാത്സംഗത്തിനും കൊലപാതകത്തിനും ഉൾപ്പെടെയുള്ള ക്രിമിനൽ കുറ്റങ്ങൾ ചുമത്തപ്പെട്ട ഒന്നായി മാറിയിരിക്കുന്നു എന്നായിരുന്നു ലീയുടെ വിവാദ പരാമർശം. സിംഗപുർ പാർലമെൻറിൽ ചർച്ചയ്ക്കിടെയാണ് ലീ തൻറെ അഭിപ്രായം പങ്കുവച്ചത്.

മിക്ക രാജ്യങ്ങളും ഉയർന്ന ആദർശങ്ങളുടെയും ഉദാത്തമായ മൂല്യങ്ങളുടെയും അടിസ്ഥാനത്തിലാണ് സ്ഥാപിക്കപ്പെട്ടതും ആരംഭിച്ചതും, എന്നാൽ ക്രമേണ, രാഷ്ട്രീയത്തിൻറെ ഘടന മാറുകയും രാഷ്ട്രീയക്കാരോടുള്ള ബഹുമാനം കുറയുകയും ചെയ്തുവെന്നായിരുന്നു ലീ പറയാൻ ഉദ്ദേശിച്ചത്.

നെഹ്റുവിൻറെ ഇന്ത്യ, മാധ്യമ റിപ്പോർട്ടുകൾ പ്രകാരം ലോക്സഭയിലെ പകുതിയോളം എംപിമാർക്കെതിരെ ബലാത്സംഗത്തിനും കൊലപാതകത്തിനും ഉൾപ്പെടെയുള്ള ക്രിമിനൽ കുറ്റങ്ങൾ നിലനിൽക്കുന്ന ഒന്നായി മാറിയിരിക്കുന്നു. എന്നാൽ ഈ ആരോപണങ്ങളിൽ പലതും രാഷ്ട്രീയ പ്രേരിതമാണെന്നും പറയപ്പെടുന്നു ലീ പറഞ്ഞു.

സ്വാതന്ത്ര്യത്തിന് വേണ്ടി പോരാടുകയും നേടിയെടുക്കുകയും ചെയ്ത നേതാക്കൾ പലപ്പോഴും വലിയ ധൈര്യവും അപാരമായ സംസ്കാരവും മികച്ച കഴിവുമുള്ള അസാധാരണ വ്യക്തികളാണ്. അവർ തീച്ചൂളയിലൂടെ വന്നാണ് മനുഷ്യരുടെയും രാഷ്ട്രങ്ങളുടെയും നേതാക്കളായി ഉയർന്നത്. ഡേവിഡ് ബെൻഗുരിയനും ജവഹർലാൽ നെഹ്റുവും അത്തരത്തിലുള്ള ആളുകളായിരുന്നു ലീ കൂട്ടിച്ചേർത്തു. ഇസ്രയേലിൻറെ ആദ്യത്തെ പ്രധാനമന്ത്രിയായിരുന്നു ഡേവിഡ് ബെൻഗുരിയൻ. ഇസ്രയേൽ രാഷ്ട്രം സ്ഥാപിക്കുന്നതിൽ ബെൻഗുരിയൻ പ്രധാന പങ്കു വഹിച്ചു.

# സ്വപ്ന സുരേഷിനു ഉയർന്ന ശമ്പളത്തിൽ ജോലി

പാലക്കാട്: സ്വർണക്കടത്തുകേസിലെ പ്രതി സ്വപ്ന സുരേഷിന് ഉയർന്ന ശമ്പളത്തിൽ ജോലി. ബിജെപി നേതാവ് ഡോ.എസ്. കൃഷ്ണകുമാർ ഐഎഎസ് പ്രസിഡൻറായ എൻജിഒയിലാണ് ജോലി ലഭിച്ചത്.

പാലക്കാട് ചന്ദ്രനഗറിൽ പ്രവർത്തിക്കുന്ന ഹൈറേഞ്ച് റൂറൽ ഡെവലപ്മെൻറ് സൊസൈറ്റി എന്ന എൻജിഒയിൽ 43,000 രൂപ ശമ്പളത്തിലാണ് സ്വപ്ന സുരേഷിൻറെ നിയമനം. ഈ മാസം 12നാണ് സ്വപ്നയ്ക്ക് നിയമനം നല്കിക്കൊണ്ടുള്ള ഓഫർ ലെറ്റർ അയച്ചത്. ഓഫർ സ്വപ്ന സ്വീകരിച്ചിട്ടുമുണ്ട്.

കേരളം, തമിഴ്നാട്, കർണാടക, ഗുജറാത്ത്, ത്രിപുര, ഉത്തരാഖണ്ഡ്, ആസാം, ജാർഖണ്ഡ് എന്നീ സംസ്ഥാനങ്ങളിലെ ഗ്രാമീണ ആദിവാസി മേഖലയിൽ പ്രവർത്തിക്കുന്ന എൻജിഒ ആണ് ഹൈറേഞ്ച് റൂറൽ ഡെവലപ്മെൻറ് സൊസൈറ്റി. ആദിവാസിക്ഷേമം, ചെറുകിട വായ്പാ നിക്ഷേപ പദ്ധതികൾ, ഭവനപദ്ധതികൾ തുടങ്ങിയവയാണ് പ്രവർത്തന മേഖല.

പാലക്കാട് ചന്ദ്രനഗറിലാണ് ഇതിൻറെ ആസ്ഥാനം. നിലവിലെ പ്രസിഡൻറായ കൃഷ്ണകുമാർ മുൻ കോൺഗ്രസ് നേതാവും കേന്ദ്രമന്ത്രിയുമായിരുന്നു. 2019ൽ ബിജെപിയിൽ ചേർന്നു.

സ്വപ്ന എന്നു ജോലിയിൽ പ്രവേശിക്കുമെന്നു വ്യക്തമല്ല. വ്യക്തിപരമായും ആരോഗ്യപരമായുമുള്ള പ്രശ്നങ്ങൾ ചൂണ്ടിക്കാട്ടി ഓഫീസിൽ എത്തുന്നതിനു സ്വപ്ന സുരേഷ് സാവകാശം തേടിയിട്ടുണ്ട്.

# ഡാനിഷ് കൈക്കലാക്കിയത് ആറു കോടി രൂപ

കൊച്ചി: ബിസിനസ് ആവശ്യങ്ങൾക്കു പണം മുടക്കിയാൽ ലാഭവിഹിതം ഉൾപ്പെടെ തരാമെന്നു പറഞ്ഞ് കബളിപ്പിച്ചു പലരിൽനിന്നായി മഹാരാഷ്ട്ര സ്വദേശി തട്ടിയെടുത്തതു കോടികൾ. ഡാനിഷ് സപ്ഹൈൽ താക്കൂർ ഏകദേശം ആറു കോടി രൂപയോളം തട്ടിയെടുത്തതായിട്ടാണ് ഇപ്പോൾ പുറത്തുവന്നിരിക്കുന്നത്. കൂടുതൽ പേർ തട്ടിപ്പിന് ഇരയായിട്ടുണ്ടെന്നാണ് പോലീസ് നിഗമനം.

എറണാകുളം നോർത്ത് പോലീസ് സ്റ്റേഷനിൽ തട്ടിപ്പ് സംബന്ധിച്ച് ആറു പരാതികളാണ് ലഭിച്ചിരിക്കുന്നത്. ഈ പരാതികളിൽ രണ്ടു കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചതായി എറണാകുളം നോർത്ത് പോലീസ് ഇൻസ്പെക്ടർ പ്രശാന്ത് ക്ലിൻറ് പറഞ്ഞു.

നോർത്ത് സ്റ്റേഷനിലെ പരാതിക്കാരിൽനിന്ന് ഇയാൾ രണ്ടര ലക്ഷം രൂപ തട്ടിയെടുത്തിട്ടുണ്ട്. കഴിഞ്ഞ ഫെബ്രുവരി മുതൽ സെപ്റ്റംബർ വരെയുള്ള കാലയളവിലാണ് ഇയാൾ പലരിൽനിന്നായി പണം തട്ടിയെടുത്തത്.

അതേസമയം, കൂടുതൽ പേർ തട്ടിപ്പിന് ഇരയായിട്ടുണ്ടെന്നും ഇയാൾ തട്ടിയെടുത്ത തുക ഏകദേശം ആറു കോടിയോളം വരുമെന്നും അന്വേഷണ സംഘം പറയുന്നു. ഇയാളുടെ പേരിൽ സമാന കേസുകൾ കളമശേരി, എറണാകുളം സെൻട്രൽ പോലീസ് സ്റ്റേഷകളിൽ നിലവിലുണ്ട്.

പച്ചക്കറികളും പഴങ്ങളുടെയും കച്ചവടം നടത്തുന്നതിനായി പണം മുടക്കിയാൽ മുടക്കു മുതലും ലാഭവിഹിതവും ഉൾപ്പെടെ തരാമെന്നും പഴവർഗങ്ങൾ ഇതരസംസ്ഥാനത്തുനിന്ന് ഇറക്കി തരാമെന്നും പറഞ്ഞ് വിശ്വസിപ്പിച്ചാണ് ഇയാൾ പണം തട്ടിയെടുത്തത്. ഇതിനായി വ്യാജ രസീതും ഉണ്ടാക്കിയിരുന്നു.

നാലു പാൻ കാർഡുകൾ, നാലു ഡ്രൈവിംഗ് ലൈസൻസുകൾ, രണ്ട് ആധാർ കാർഡുകൾ എന്നിവ പോലീസ് ഡാനിഷിൽനിന്നു പിടിച്ചെടുത്തു. ഇവയെല്ലാം പല പേരുകളിലാണ്. ഇയാൾ സിം കാർഡുകൾ എടുത്തിരുന്നത് ഇയാളുടെ സ്ഥാപനത്തിലെ മുൻ ജീവനക്കാരൻറെ പേരിലായിരുന്നു.

മഹാരാഷ്ട്ര രത്നഗിരി സ്വദേശിയായ ഡാനിഷ് മുംബൈയിൽ മുമ്പ് സിവിൽ എൻജിനിയറായിട്ടാണ് ഇയാൾ പ്രവർത്തിച്ചിരുന്നത്. ഇയാളുടെ രണ്ടാം ഭാര്യയുടെ ആദ്യ ഭർത്താവിൻറെ പേരിലും ഇയാൾ വ്യാജരേഖ ചമച്ചു തട്ടിപ്പ് നടത്തിയതായി പോലീസ് കണ്ടെത്തിയിട്ടുണ്ട്.

ഡാനിഷ് സഹിൽ താക്കൂർ, ഇർഫാൻ ഇസ്മായിൽ, ഇർഫാൻ ഇസ്മയിൽ മുഹമ്മദ്, ഡാനിഷ് എസ്. താക്കൂർ, സമർ ഇസ്മയിൽ സഹർ, രാം നാരായൺ എൽ സിംഗ് എന്നീ വ്യാജപ്പേരുകളിലും ഇയാൾ രേഖ ഉണ്ടാക്കിയിരുന്നതായി പോലീസ് പറഞ്ഞു. എറണാകുളം അസിസ്റ്റൻറ് കമ്മീഷണർ വൈ. നിസാമുദീൻറെ നേതൃത്വത്തിലുള്ള പോലീസ് സംഘം ഇയാളെ മുംബൈയിൽനിന്നാണ് അറസ്റ്റ് ചെയ്തത്.

# പോലീസിനു നേരേ നായയെ അഴിച്ചുവിട്ടു; മുഖ്യപ്രതി ഉൾപ്പെടെ മൂന്നുപേർ കസ്റ്റഡിയിൽ

കൊച്ചി: സ്ത്രീയെ അപമാനിച്ച കേസിലെ പ്രതിയെ അറസ്റ്റു ചെയ്യാനെത്തിയ പോലീസ് ഉദ്യോഗസ്ഥരുടെ നേരെ നായയെ അഴിച്ചുവിട്ട കേസിൽ ഒളിവിൽ പോയ തമ്മനം എകെജി നഗർ കോളനി സ്വദേശി വിശാൽ ഉൾപ്പെടെ മൂന്നുപേർ പോലീസ് കസ്റ്റഡിയിൽ.

പാലാരിവട്ടം സ്റ്റേഷൻ എസ്ഐ ടി.എസ്. രതീഷിനെയും സംഘത്തെയുമാണ് പ്രതിയെ അറസ്റ്റു ചെയ്യാനെത്തിയപ്പോൾ പ്രതിയുടെ സുഹൃത്തുക്കൾ തടയുകയും നായയെ അഴിച്ചുവിട്ടു രക്ഷപ്പെടാൻ സഹായിക്കുകയും ചെയ്തത്.

വഴിയാത്രക്കാരനായ ആളെ ഉപദ്രവിക്കുന്നതു തടയാൻ ശ്രമിച്ചയാളുടെ ഭാര്യയെയാണ് വിശാൽ അപമാനിച്ചത്. ഇയാളെ അറസ്റ്റ് ചെയ്യുന്നതിനായാണ് പോലീസ് സംഘം സ്ഥലത്തെത്തിയപ്പോഴായിരുന്നു സംഭവം.

യുവതിയെ അപമാനിച്ച കേസിൽ വിശാലിൻറെ സുഹൃത്തുക്കളായ തമ്മനം എകെജി നഗർ കോളനിയിൽ അഖിൽ ജോസഫ്, ആലപ്പുഴ പാതിരപ്പിള്ളി വടക്കേമുഴങ്ങയിൽ സുവർണകുമാർ എന്നിവരെയും പോലീസ് കസ്റ്റഡിയിൽ എടുത്തിട്ടുണ്ട്.

കൃത്യനിർവഹണം തടസപ്പെടുത്തിയതിന് അറസ്റ്റിലായ ഇയാളുടെ സുഹൃത്തുക്കൾ ആലപ്പുഴ അരൂർ ചിറ്റയിൽ വീട്ടിൽ അനീഷ്, തമ്മനം എകെജി കോളനി ചിത്രാഞ്ജലി വീട്ടിൽ വൈശാഖ്, എകെജി കോളനി നിവാസിയായ മനീഷ്, എകെജി കോളനിയിൽ പറമ്പിൽ വീട്ടിൽ യേശുദാസ് എന്നിവരെ ഇന്നലെ കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.